റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2017 നവംബർ–ഡിസംബർ
പുസ്തകം 40
ലക്കം 6



## എഡിറ്റോറിയൽ

# മണ്ണിലേക്ക് മടങ്ങാം

മാലിന്യം ഇന്ന് നമ്മൾ നേരിടുന്ന വിപത്താണ്, മാലിന്യ സംസ്കരണം ഏറ്റവും വലിയ വെല്ലുവിളിയും. മണ്ണിൽ അലിഞ്ഞു ചേരാതെ കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പോലെ തന്നെയാണ് ഇന്ന് വീടുകളിൽ പാചകത്തിനുപയോഗിക്കുന്ന അലൂമിനിയം, സ്റ്റീൽ, നോൺസ്റ്റിക് പാത്രങ്ങളുടെ അവസ്ഥയും. പലപ്പോഴും പ്ലാസ്റ്റിക് പാത്രങ്ങളിൽ ചൂട് ഭക്ഷണം വിളമ്പുമ്പോൾ വിഷാംശം ഉല്പാദിപ്പിക്കപ്പെടുന്നതു പോലെ, അലൂമിനിയം കൊണ്ടുണ്ടാക്കിയ പാത്രത്തിൽ പാചകം ചെയ്യുമ്പോഴും വിഷാംശം ഉല്പാദിപ്പിക്കപ്പെടുന്നു. എന്നു തന്നെയല്ല ഇവയൊന്നും തന്നെ ജീർണ്ണിച്ച് മണ്ണോട് ചേരാത്തവയുമാണ്. ഇത്തരം ദ്രവ്യങ്ങൾ കൊണ്ടുണ്ടാക്കിയ പാത്രങ്ങൾ ആവശ്യം കഴിഞ്ഞ് ഒഴിവാക്കുന്നത് പലപ്പോഴും വലിയ തലവേദനയാണ്, പ്രത്യേകിച്ച് മാലിന്യസംസ്കരണത്തിന് സൗകര്യമില്ലാതെ നഗരങ്ങളിലും ഫ്ളാറ്റുകളിലും താമസിക്കുന്നവർക്ക്. ഈ സാഹചര്യത്തിൽ പഴമയുടെ നന്മകളെ നമ്മൾ വീണ്ടെടുക്കേണ്ടിയിരിക്കുന്നു. ഇന്നത്തെ പലവിധ ആരോഗ്യ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം ഇതുവഴി കണ്ടെത്താനുമാവും. അതിനായി മൺപാത്രങ്ങളുടെ കുളിർമയിലേക്ക് നമുക്ക് മടങ്ങിപ്പോകാം.

മൺപാത്രങ്ങളിലെ പാചകം ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാരമായി സഹായിക്കുമെന്നാണ് മനസ്സിലാക്കേണ്ടത്. അലൂമിനിയം കൊണ്ടുണ്ടാക്കിയ പാത്രങ്ങളിലെ പാചകം ആരോഗ്യത്തിന് നന്നല്ല എന്ന് പല ഭിഷഗ്വരൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. അതിൽ നിന്നുണ്ടാകുന്ന വിഷാംശം കാൻസർ ഉണ്ടാകാൻ കാരണമാകുന്നു എന്ന പല മുന്നറിയിപ്പുകളും നമ്മൾ വായിച്ചുപോകുന്നുണ്ട്. പക്ഷേ ആരും ഗൗരവമായി എടുക്കുന്നില്ല എന്നതാണ് സത്യം. നോൺസ്റ്റിക് പാത്രങ്ങൾ ചൂടാക്കുമ്പോഴുണ്ടാകുന്ന വിഷാംശവും ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. മൺചട്ടികളും മൺകലങ്ങളും കേരളീയ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമായിരുന്ന കാലത്ത് ഇത്രത്തോളം മാരകരോഗങ്ങൾ കേരളീയർക്കിടയിൽ ഉണ്ടായിരുന്നില്ലെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.


മൺചട്ടിയിലുണ്ടാക്കുന്ന മീൻകറിയും മൺകലത്തിൽ തിളച്ചുമറിയുന്ന കഞ്ഞിയും മൺകോപ്പയിലെ തണുത്ത പഴംകഞ്ഞിയും മലയാളിയുടെ ജീവിതത്തിലേക്ക് തിരിച്ചു വരട്ടെ... മാരക രോഗങ്ങളിൽ നിന്നും ജീവിത ശൈലീ രോഗങ്ങളിൽ നിന്നും നമുക്ക് വഴിമാറി നടക്കാം... പഴമയുടെ പുതിയൊരു ശൈലിയിലേക്ക്...

**അജിതാദാസ്**
ചീഫ് എഡിറ്റർ

**ഉപദേശക സമിതി ചെയർമാൻ:** കെ. രാമചന്ദ്രൻ ഐ.എ.എസ്, ഗ്രാമവികസന കമ്മീഷണർ
**അംഗങ്ങൾ** വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-I, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന(i/c)
കെ. ഷൗക്കത്തോലി, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-II ● കെ. രാജേന്ദ്രൻ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY
എ.വി. അശോക് കുമാർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF ● പി.ജെ. ആന്റണി, ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി
പി.കെ. മോഹനൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ് ● സി. മാധവൻ, ഡെപ്യൂട്ടി ഡയറക്ടർ (P&M) ● ദീപ, ഫിനാൻസ് ഓഫീസർ
● എ. അജിത്ദാസ്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ചീഫ് എഡിറ്റർ **അജിതാദാസ്,** ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ എഡിറ്റർ **പി.കെ. ശ്രീവത്സകുമാർ,** കാമ്പയിൻ ഓഫീസർ
അസിസ്റ്റന്റ് എഡിറ്റർമാർ **സി . പ്രശാന്ത്** അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ, **ഷിജു ഏലിയാസ്**
സർക്കുലേഷൻ മാനേജർ **റ്റി. സനൽകുമാർ,** മാനേജർ കവർ & ലേ-ഔട്ട് **രതീഷ് കുമാർ** rash8590070404@gmail.com
ഓഫീസ് **റൂറൽ ഇൻഫർമേഷൻ ബ്യൂറോ,** ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം – 3. ഫോൺ : 0471 2317262 email : ribkerala@gmail.com

# കത്തുകൾ



## തെയ്യം – വടക്കൻ കേരളത്തിന്റ വികാരം

തെയ്യങ്ങളെക്കുറിച്ചുള്ള ലേഖനം മികച്ച നിലവാരം പുലർത്തി. വടക്കൻ കേരളത്തിൽ തെയ്യം ഒരു വികാരമാണ്. പയ്യന്നൂർ കുഞ്ഞിരാമനും ഗ്രാമഭൂമിക്കും അഭിനന്ദനങ്ങൾ. നാടൻ കലകളെ പരിചയപ്പെടുത്തുന്ന ലേഖനങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

**ഗിരീഷ് കുമാർ**
ഒറ്റശേഖരമംഗലം

## ഗൗരി


അനീതികൾക്കും അസമത്വത്തിനുമെതിരേ നിർഭയം തൂലിക ചലിപ്പിച്ചതിനാൽ അക്രമികളുടെ തോക്കിനിരയാകേണ്ടി വന്ന ധീരയായ പത്രപ്രവർത്തക ഗൗരി ലങ്കേഷിനെ അനുസ്മരിച്ച് ഏഴാച്ചേരി രാമചന്ദ്രൻ എഴുതിയ 'ഗൗരി' എന്ന കവിത വായനക്കാരുടെ ഉള്ളുലയ്ക്കുന്നതായിരുന്നു. കവിക്കും കവിത പ്രസിദ്ധീകരിച്ച ഗ്രാമഭൂമിക്കും ആശംസകൾ നേരുന്നു.

**ബിനീഷ് കെ.എൻ**
അഴീക്കോട്, കണ്ണൂർ

## ഭാഷയുടെ പ്രാധാന്യം

'കേരള വികസനം മലയാള ഭാഷയിലൂടെ' എന്ന ലേഖനം വായിച്ചു. മലയാള ഭാഷയുടെ ഭംഗിയും അച്ചടക്കവും പ്രാധാന്യവും അതിൽ ലളിതമായി വിവരിച്ചിരിക്കുന്നു. ലേഖകൻ പറയുന്നതു പോലെ മലയാള ഭാഷയുടെ മഹത്വം മനസ്സിലാക്കുവാൻ ഇത് വായിക്കുന്ന ഒരോ മലയാളിക്കും സാധിക്കുന്നു. മലയാളത്തെ കുറിച്ച് കൂടുതൽ കാര്യങ്ങൾ ഹരിദാസൻ സാറിൽ നിന്ന് തുടർന്നും പ്രതീക്ഷിക്കുന്നു. മലയാളത്തെ കുറിച്ചുള്ള ശക്തമായ വിവരങ്ങൾ നൽകിയതിന് ഗ്രാമഭൂമിക്ക് നന്ദി.

**സുദീപ് അച്യുതൻ**
കുന്ദംകുളം, തൃശ്ശൂർ




വികസനം
6
**വീടും ജീവനവും നൽകാൻ 'ലൈഫ്'**
കെ.ടി. ജലീൽ





പദ്ധതി





11 **ജലപുനർജനി**
കെ. രാമചന്ദ്രൻ.ഐ.എ.എസ്



**'ഗ്രാമഭൂമി' ദ്വൈവാർഷിക വരിസംഖ്യ 24 രൂപ**
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com




34
ഗ്രാമയാത്ര
സ്വപ്നം പോലെ സുന്ദരം
ഈ കക്കാടംപൊയിൽ...
ബോബി ജോസഫ്




കവർസ്റ്റോറി


14
മണ്ണാണ് ജീവൻ!
മനോജ് മാമ്പറ്റ /
ഷിജു ഏലിയാസ്

23 കാഴ്ചപ്പാട്
കേരള വികസനം
നേട്ടങ്ങൾക്കടിത്തറ ഭൂപരിഷ്കരണം
പ്രൊഫ. കെ. എൻ. ഗംഗാധരൻ

26 പരിസ്ഥിതി
സ്നേഹപൂർവം നിള
ഗിഫു മേലാറ്റൂർ

37 മാതൃക
എല്ലാരും പാടത്തേയ്ക്ക്
വിശ്വൻ ഉന്തുമ്മൽ





38 സിനിമ
കാറൽ മാർക്സ് എന്ന യുവാവ്
പ്രശാന്ത് .സി

31
നാട്ടരങ്ങ്
കാക്കാരിശ്ശി നാടകം
കഥയും ദേശവും
ഡോ. ബി. ബാലചന്ദ്രൻ







20 കവിത
മലിനമാക്കല്ലേ!
കുഞ്ഞപ്പ പട്ടാന്നൂർ



*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*



# വീടും ജീവനവും നൽകാൻ ലൈഫ്

**കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

വിവിധ സർക്കാർ പദ്ധതികളുടെ സഹായം കിട്ടിയിട്ടും സ്വന്തമായൊരു വീടെന്ന സ്വപ്നം യാഥാർഥ്യമാക്കാൻ കഴിയാതെ പോയ 70,000-ത്തോളം ദരിദ്ര കുടുംബങ്ങൾ കേരളത്തിലുണ്ട്. 2018 മാർച്ച് 31-നകം' ഇവരുടെ വീടുപണി പൂർത്തിയാക്കാനുള്ള സാഹചര്യം ഒരുക്കിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അതിന്റെ രണ്ടാം വർഷത്തിലേക്കു കടന്നത്.

ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കു വേണ്ടി പാർപ്പിട സമുച്ചയങ്ങൾ നിർമിക്കുന്നതിനുള്ള നടപടികളും വിളംബമില്ലാതെ പുരോഗമിക്കുകയാണ്. ഈ സർക്കാർ ഒരു വർഷം പൂർത്തിയാക്കുന്നതിനു മുൻപു തന്നെ സംസ്ഥാനത്തെ പതിന്നാല് ജില്ലകളിലും ലൈഫ് ഭവന സമുച്ചയങ്ങൾക്കുള്ള സ്ഥലം കണ്ടെത്തുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും റവന്യൂ വകുപ്പിന്റെയും ഭൂമി



യിൽ ആദ്യഘട്ട നിർമാണം ആരംഭിച്ചു. പിന്നീട് മറ്റ് സ്ഥലങ്ങളിലും ഭൂമി കണ്ടെത്തി. ഇവിടങ്ങളിൽ ഫ്ളാറ്റ് നിർമാണവും ബാക്കി സ്ഥലങ്ങളിൽ നിർമാണം തുടങ്ങുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. ആദ്യ വർഷം ഒരു ലക്ഷം ഭവനരഹിത കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മുന്നോട്ടു പോകുന്നത്. ഉപേക്ഷിക്കപ്പെട്ടുവെന്ന തോന്നലിൽ കഴിഞ്ഞ ആയിരക്കണക്കിന് അഗതികൾ അടക്കമുള്ളവരുടെ പ്രതീക്ഷകൾക്കു കൂടിയാണ് ലൈഫ് ജീവൻ നൽകുന്നത്. ഏതു നിമിഷവും ഒഴിഞ്ഞു കൊടുക്കേണ്ടി വരുമെന്ന പേടിയോടെ വാടക വീടുകളിൽ കഴിയുന്ന പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ഇതോടെ കിടപ്പാടമൊരുങ്ങും. സംസ്ഥാനത്തെ വീടില്ലാത്തതും സർക്കാർ സഹായത്തിന് അർഹതയുള്ളതുമായ മുഴുവൻ പേരുടെയും ലിസ്റ്റ് ഈ ആഴ്ചകളിൽ ഗ്രാമസഭകളുടെ അംഗീകാരത്തിന് എത്തുകയാണ്. അർഹരായവരുടെ പേരുകൾ പരിശോധനകളിൽ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെ പ്രത്യേക ലിസ്റ്റായി ഉൾപ്പെടുത്താനും ആവശ്യമായ പരിശോധനകൾക്കു ശേഷം അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്താനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരോടും സാമ്പത്തികവും സാമൂഹികവുമായ അരക്ഷിതത്വത്തിൽ കഴിയുന്ന ദുർബല വിഭാഗങ്ങളോടുമുള്ള കേരളത്തിലെ ജനകീയ സർക്കാരിന്റെ കരുതലും അവർക്കനുകൂലമായ വികസന കാഴ്ചപ്പാടും കേരളത്തെ സമ്പൂർണ്ണ

**ആദ്യ വർഷം ഒരു ലക്ഷം ഭവനരഹിത കുടുംബങ്ങളെ പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മുന്നോട്ടു പോകുന്നത്. ഉപേക്ഷിക്കപ്പെട്ടുവെന്ന തോന്നലിൽ കഴിഞ്ഞ ആയിരക്കണക്കിന് അഗതികൾ അടക്കമുള്ളവരുടെ പ്രതീക്ഷകൾക്കു കൂടിയാണ് ലൈഫ് ജീവൻ നൽകുന്നത്.**

പാർപ്പിട സുരക്ഷയിലേക്ക് നയിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിലെ ഏറ്റവും ബൃഹത്തും സമഗ്രവുമായ പാർപ്പിട പദ്ധതിയായി ലൈഫ് മാറുകയാണ്. രാജ്യത്തിന് മാതൃകയാവുന്ന കേരളത്തിന്റെ ജനകീയ വികസനനേട്ടങ്ങൾക്ക് മാറ്റുകൂട്ടാൻ ലൈഫിലൂടെ സംസ്ഥാനത്തിന് കഴിയും.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയെ ജനകീയ പദ്ധതിയായി മാറ്റിയ കേരളത്തിലെ ജനകീയ സർക്കാരിന്റെ ഭരണനേട്ടങ്ങളിൽ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫിന് പ്രത്യേക തിളക്കമുണ്ട്. വികലാംഗരും വിധവകളും ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരും ഉൾപ്പെടെയുള്ള ഭവനരഹിതരായ ദരിദ്രർക്ക് സ്വന്തം അധ്വാന മിച്ചം കൊണ്ട് സ്ഥലം വാങ്ങാനോ അതിൽ വീടു വയ്ക്കാനോ കഴിയാത്ത സാഹചര്യമാണ് ഇന്നുള്ളത്. ഭൂരഹിതരടക്കമുള്ള ഭവനരഹിതരിൽ കാര്യമായ ഒരു വിഭാഗം ഇത്തരത്തിലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്നവരാണ്. ഏതാനും വർഷങ്ങൾ കൊണ്ട് ഭൂമിയുടെ വില ഇരട്ടിയോ പല മടങ്ങോ ആകുന്നതാണ് 1990-കൾ മുതൽക്കുള്ള കേരളത്തിലെ സ്ഥിതി. നിർമാണ സാമഗ്രികളുടെ വിലയും നിർമാണ ചെലവും അതിവേഗം കുതിച്ചുയരുകയാണ്. എല്ലാവർക്കും സുരക്ഷിതമായ വീടെന്ന ശ്രമകരമായ ലക്ഷ്യം നേടാൻ വലിയ തുക ചെലവു വരുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. എന്നിരുന്നാലും ഇതു സംബന്ധിച്ച്

സർക്കാരിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. പാവപ്പെട്ടവർക്ക് ക്ഷേമ പെൻഷനുകളും മറ്റ് ആനുകൂല്യങ്ങളും എത്തിക്കുന്നതിൽ സർക്കാരിന്റെ സാമ്പത്തിക പരിമിതികൾ തടസ്സമാവുകയില്ലെന്ന് മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും പലവുരു വ്യക്തമാക്കിയിട്ടുണ്ട്.

ലൈഫ് (Livelihood, Inclusion, Financial Empowerment) എന്ന പേര് വ്യക്തമാക്കുന്നതു പോലെ, ഇതൊരു ബഹുമുഖ പദ്ധതിയാണ്. തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക ജീവിതത്തിൽ മാന്യമായി ഭാഗഭാക്കാകുന്നതിനുമുള്ള സാഹചര്യം ഒരുക്കുക എന്നതും ലൈഫിന്റെ ലക്ഷ്യമാണ്. ഒരു വികസന ദൗത്യമായാണ് സർക്കാർ ഇതിനെ വിഭാവനം ചെയ്തിട്ടുള്ളത് എന്നർത്ഥം. സർക്കാരിന്റെ വിവിധങ്ങളായ സേവനങ്ങൾ അർഹരായ മുഴുവൻ പേരിലും ശരിയായി എത്തണമെങ്കിൽ, എല്ലാവർക്കും സുരക്ഷിതമായ പാർപ്പിടം ഉണ്ടായേ തീരൂ.

ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും അവകാശം ഉന്നയിക്കുന്നതിനുള്ള രേഖകൾ കരസ്ഥമാക്കുന്നതിനു പോലും ഒരു സ്ഥിര മേൽവിലാസം കൂടിയേ തീരൂ. ഒരാൾക്കു പോലും കടത്തിണ്ണയിൽ അന്തിയുറങ്ങേണ്ടി വരാത്ത സ്ഥിതിയിലേക്ക് കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും സർക്കാർ തയ്യാറല്ല. ഒരിക്കൽ ഒരു സമഗ്ര പട്ടിക തയ്യാറാക്കി അതിൽ ഉൾപ്പെട്ടവർക്ക് പാർപ്പിടം ലഭ്യമാക്കിയാൽ, അതോടെ സ്ഥായിയായ പാർപ്പിട സുരക്ഷ സാധ്യമാവുമെന്ന് കരുതാനാവില്ല. കൂടുതൽ പേർ ദാരിദ്ര്യത്തിന്റെ ദൂഷിതവലയത്തിലേക്ക് പിന്നെയും പിന്നെയും വീണുകൊണ്ടിരിക്കുന്ന സാഹചര്യവും കാണാതിരുന്നു കൂടാ. കേരളത്തിലെ നഗരസഭാ പ്രദേശങ്ങൾ ഒഴിവാക്കി നടത്തിയ കണക്കെടുപ്പിൽ, പ്രാഥമിക ശുചിത്വ സൗകര്യങ്ങൾ ലഭ്യമല്ലാത്ത ഒന്നര ലക്ഷത്തോളം കുടുംബങ്ങളെ കണ്ടെത്തിയപ്പോൾ, ആദ്യഘട്ടത്തിൽ, പലർക്കും ആ കണക്ക് അവിശ്വസനീയമായി തോന്നി. മാസങ്ങൾക്കുള്ളിൽ ഇവർക്കു മുഴുവൻ ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നമുക്കായി. ശുചിത്വ സൗകര്യങ്ങൾ ലഭ്യമല്ലാത്ത നഗരവാസികളുടെ കണക്ക് ഇതിനു പുറമേയാണ്. അവർക്കു മുഴുവൻ മാന്യമായ ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ പൂർത്തിയായി വരികയാണ്. ഇഎംഎസ് ഭവന പദ്ധതിയുടെ കാലത്തെ സ്ഥിതിവിശേഷത്തിൽ പിന്നീട് വന്ന മാറ്റം ഇപ്പോഴത്തെ കണക്കുകളിൽ വ്യക്തമാണ്. കേരളത്തിന്റെ സമീപകാല ചിത്രമെടുത്താൽ, മറ്റു രംഗങ്ങളിലെ പുരോഗതിക്കു സമാന്തരമായി ദരിദ്രരിൽ ദരിദ്രരുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ല എന്നാണ് ഇത് കാണിക്കുന്നത്. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ സാഹചര്യങ്ങളിൽ, വികസന നേട്ടങ്ങൾ സ്ഥായിയാക്കി നിർത്താൻ ശാസ്ത്രീയമായ ആസൂത്രണവും ബോധപൂർവമായ പരിശ്രമവും കൂടിയേ തീരൂ. വീടിനോടൊപ്പം ജീവനോപാധികൾ കൂടി ഉറപ്പാക്കിക്കൊണ്ടേ സർക്കാർ സഹായത്തോടെ നിർമിക്കുന്ന വീടുകൾ അന്യാധീനപ്പെടുന്ന സാഹചര്യം ഇല്ലാതാക്കാനാവൂ. ഈ സാഹചര്യം കൂടി കണക്കിലെടുത്തു കൊണ്ടുള്ളതാണ് ലൈഫിന്റെ സമഗ്ര സമീപനം.



സംസ്ഥാനത്തെ ഭവന രഹിതരിൽ നല്ലൊരു ഭാഗം സ്വന്തമായി ഭൂമിയുള്ളവരാണ്. നിലവിലുള്ള പദ്ധതികളിൽ സഹായം ലഭിച്ചിട്ടും വീടുപണി പൂർത്തിയാക്കാൻ കഴിയാത്തവരും അതിൽ ഉൾപ്പെടും. ഇവർക്കു പുറമെ, പുറമ്പോക്കിലും തീര സ്ഥലങ്ങളിലും തോട്ടം മേഖലയിലും താല്കാലിക വീടുള്ളവരുമുണ്ട്. ഭൂമിയേ ഇല്ലാത്തവരാണ് ബാക്കിയുള്ള ഭവനരഹിതർ. നിർമാണ ചെലവിലുണ്ടായ വർധനവ് കണക്കിലെടുത്ത് വീടിന്റെ യൂണിറ്റ് തുക പുതുക്കി നിശ്ച

യിച്ച സർക്കാർ തീരുമാനം വ്യത്യസ്ത വിഭാഗക്കാരായ ഭവനരഹിതർക്ക് സഹായകമാകും. വിവിധ സർക്കാർ സ്കീമുകളിൽ സഹായം പാസായിട്ടും വീടിന്റെ പണികൾ പൂർത്തീകരിച്ചെടുക്കാൻ കഴിയാത്തവർക്ക് ബാക്കിയുള്ള പണിക്ക് ആനുപാതികമായി സഹായം നൽകാനുള്ള സർക്കാരിന്റെ തീരുമാനം സ്വന്തമായൊരു വീടെന്ന പ്രതീക്ഷ നഷ്ടപ്പെട്ടുകഴിഞ്ഞ പതിനായിരക്കണക്കിനു ഗുണഭോക്താക്കൾക്ക് സഹായകമായി തീർന്നിരിക്കുന്നു.

ഭൂരഹിതരായ ഭവനരഹിതരുടെ കാര്യമാണ് കേരളത്തിലെ പാർപ്പിട പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവമുള്ളത്. വീടും സ്ഥലവും ഇല്ലാത്തവർക്കും പുറമ്പോക്കിൽ താല്ക്കാലിക വീടുള്ളവർക്കും വേണ്ടി പാർപ്പിട സമുച്ചയങ്ങൾ നിർമിച്ച് അവരെ പുനരധിവസിപ്പിക്കുമ്പോൾ, ഉപജീവന മാർഗങ്ങൾക്ക് ഉതകുന്ന രീതിയിൽ മറ്റ് സാമൂഹിക സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും കൂടി ഇവിടങ്ങളിൽ ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഏറ്റവും കൂടുതൽ ഭൂരഹിത ഭവന രഹിതരുള്ള അമ്പതോളം തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ ആധുനിക ജീവിത സൗകര്യങ്ങളുള്ള പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ചുനൽകാനും ഉപജീവന സുരക്ഷ ഉറപ്പുവരുത്താനും കഴിഞ്ഞാൽ ഏറെ പ്രയാസങ്ങൾ അനുഭവിക്കുന്ന ഇവരുടെ ജീവിതത്തിൽ കാതലായ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നു.

ലൈഫ് പദ്ധതിയുടെ സമീപനത്തിൽ, ജീവിതവും ഉപജീവനവും സാമൂഹിക സുരക്ഷയും ഒരു പോലെ പ്രധാനമാണ്.

കൂലിപ്പണിയെടുത്ത് സമ്പാദിച്ചതിലെ ചെറിയ മിച്ചം സ്വരുക്കൂട്ടിയും കടം വാങ്ങിച്ചും വളരെ കഷ്ടപ്പെട്ട് ഒരു വീട് സ്വന്തമാക്കിയവർ സാമ്പത്തിക വിഷമതകളിൽപ്പെട്ട്, നിവൃത്തിയില്ലാതെ വീട് പണയപ്പെടുത്താനും വിൽക്കാൻ പോലും തയ്യാറാകുന്ന സ്ഥിതിയുണ്ട്. വീടിന് ധന സഹായം നൽകുന്നതിനൊപ്പം ഗുണഭോക്താക്കളുടെ ജീവനോപാധികൾ ഉറപ്പു വരുത്താൻ കഴിയാത്തതാണ് പലപ്പോഴും ഈ അവസ്ഥയിലേക്കു നയിക്കുന്നത്. കാൻസർ അടക്കമുള്ള മാരക രോഗങ്ങളുടെ പിടിയിൽപെട്ടാൽ, ഇടത്തരക്കാർ പോലും ചികിൽസാ ചെലവ് താങ്ങാനാവാതെ പാടുപെടുന്ന അവസ്ഥയാണ് നാം കാണുന്നത്. ഉന്നത വിദ്യാഭ്യാസവും വിവാഹം പോലുള്ള ചടങ്ങുകളും ചെലവേറിയതായി തീർന്നിരിക്കുന്നു. ലൈഫ് പദ്ധതിയിൽ അനുവദിക്കുന്ന വീടുകൾ അന്യാധീനപ്പെട്ടു പോകരുതെന്ന നിർബന്ധം സർക്കാരിനുണ്ട്. യഥാർഥ ഗുണഭോക്താവിന് അയാൾക്ക് അനുവദിച്ച സഹായത്തിന്റെ പ്രയോജനം ലഭിക്കണം. അത് നിലനിൽക്കുകയും വേണം. ഈ മിഷനിലൂടെ നിർമിക്കുന്ന വീടുകൾ വാടകയ്ക്കു നല്കുകയോ കൈമാറുകയോ ചെയ്യുന്ന സ്ഥിതിയുണ്ടായാൽ ഇതിന്റെ ലക്ഷ്യം അട്ടിമറിക്കപ്പെടും. 'ലൈഫിൽ' അതിനുള്ള മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്. അന്യാധീനപ്പെടുത്തുകയോ വിൽക്കുകയോ ചെയ്യരുതെന്ന കർശന വ്യവസ്ഥയോടെയാണ് 'ലൈഫിലെ' ഗുണഭോക്താക്കൾക്ക് പാർപ്പിടം നൽകുന്നത്. ഫ്ളാറ്റുകൾ അനുവദിച്ചു കിട്ടുന്നവർക്ക് പ്രതിമാസം നിശ്ചിത തുക നല്കി 15-20 വർഷങ്ങൾ കൊണ്ട് പൂർണ്ണ ഉടമസ്ഥാവകാശം സ്വന്തമാക്കാനും കഴിയും.

കേരളം ഇതുവരെ കണ്ട ഭവന പദ്ധതികളിൽ നിന്ന് വ്യത്യസ്തമാണ് ലൈഫ് പദ്ധതി. ഇതിൽ, വിവിധ വകുപ്പുകളിലായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വ്യത്യസ്ത ഭവനപദ്ധതികൾ സംയോജിപ്പിച്ച് ഒരേ പദ്ധതിക്കു കീഴിൽ കൊണ്ടു വന്നിരിക്കുന്നു. വിശദമായ പരിശോധനകളിലൂടെ അർഹരായ മുഴുവൻ പേരെയും കണ്ടെത്തി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേകം ശ്രദ്ധ വച്ചു. കേരളത്തിലെ പാവ



**ഇതൊരു ബഹുമുഖ പദ്ധതിയാണ്. തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിനും സാമൂഹിക ജീവിതത്തിൽ മാന്യമായി ഭാഗഭാക്കാകുന്നതിനുമുള്ള സാഹചര്യം ഒരുക്കുക എന്നതും ലൈഫിന്റെ ലക്ഷ്യമാണ്.**

പ്പെട്ടവരുടെ പാർപ്പിട പ്രശ്നത്തിന് സ്ഥായിയായ പരിഹാരം കാണാനാണ് ഇതിലൂടെ സർക്കാർ ശ്രമിക്കുന്നത്. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള ദരിദ്ര-ദുർബല വിഭാഗങ്ങൾക്കും വിധവകൾ, അഗതികൾ തുടങ്ങിയവർക്കും സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ മുൻഗണന ലഭിക്കും. ആവശ്യമെങ്കിൽ, പട്ടികവർഗ മേഖലകളിൽ വിശ്വാസ്യതയുള്ള ഏജൻസികളുടെ സഹായത്തോടെയും വീടുകൾ നിർമിക്കും. ഭൂമിയില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന, സ്ഥലവും വീടും നിർമ്മിച്ചു നല്കുന്നതിനുള്ള പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ലൈഫ് വന്നതോടെ ഈ പദ്ധതിയും അതിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. ശാസ്ത്രീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ സ്കീമിൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പും സൂക്ഷ്മപരിശോധനയും നടന്നത്. ഈ ലിസ്റ്റുകൾ ഗ്രാമസഭകളുടെ പരിഗണനയ്ക്കു വരും. പദ്ധതി നടപ്പാക്കാൻ ആവശ്യമുള്ള മിച്ചഭൂമി, സർക്കാർഭൂമി എന്നിവ കണ്ടെത്തുന്നതിനും മണൽ മുതലായവയുടെ ലഭ്യത മുൻഗണനാടിസ്ഥാനത്തിൽ ഉറപ്പു വരുത്തുന്നതിനുമുള്ള നടപടികൾ ജില്ലാ കളക്റ്റർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പുരോഗമിക്കുകയാണ്. പദ്ധതി കാലവിളംബമില്ലാതെ പൂർത്തീകരിക്കുന്നതിന് കൃത്യവും ആധികാരികവുമായ സാങ്കേതിക സഹായം യഥാസമയം ലഭ്യമാക്കേണ്ടതുണ്ട്. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെയും പോളിടെക്നിക്കുകളെയും ലൈഫിന്റെ തേർഡ് പാർടി ടെക്നിക്കൽ ഏജൻസികൾ ആയി കണക്കാക്കും. കോഴിക്കോട് എൻഐടിയ്ക്കും തിരുവനന്തപുരം സിഇടിയ്ക്കും ആയിരിക്കും ഇവയുടെ ഏകോപനത്തിന്റെ ചുമതല.



**ദുർഗമങ്ങളായ സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗക്കാർക്ക് സർക്കാർ അംഗീകരിച്ച് നൽകിയ യൂണിറ്റ് തുക കൊണ്ട് ഗുണനിലവാരമുള്ള വീടുകൾ നിർമിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇതുവരെ നിലനിന്നത്. പട്ടികവർഗക്കാരായ ഗുണഭോക്താക്കൾക്ക് യഥാർത്ഥ എസ്റ്റിമേറ്റിന്റെ തുക തന്നെ നൽകാനുള്ള സർക്കാരിന്റെ തീരുമാനം ഇതിനും മാറ്റം വരുത്തും.**

കേന്ദ്രസർക്കാർ ഏജൻസിയായ ബിൽഡിംഗ് ടെക്നോളജി പ്രമോഷൻ കൗൺസിലിന്റെ നവീന സാങ്കേതിക വിദ്യകളും പദ്ധതി നിർവ്വഹണത്തിൽ ഉപയോഗിക്കും. നാളിതുവരെ നടപ്പിലാക്കിയ ഭവന പദ്ധതികളുടെ അനുഭവങ്ങൾ കണക്കിലെടുത്ത്, പരിമിതികൾ പരിഹരിച്ചു മുന്നോട്ടു പോവുകയെന്നതാണ്, ലൈഫിനെ സംബന്ധിച്ച്, സർക്കാർ കൈക്കൊണ്ടു പോരുന്ന സമീപനം. യൂണിറ്റ് തുക അപര്യാപ്തമാണെന്ന നിരീക്ഷണം ശ്രദ്ധയിൽ പെട്ട സാഹചര്യത്തിലാണ് തുക വീണ്ടും ഉയർത്താനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടത്. ദുർഗമങ്ങളായ സ്ഥലങ്ങളിൽ താമസിക്കുന്ന പട്ടികവർഗക്കാർക്ക് സർക്കാർ അംഗീകരിച്ച് നൽകിയ യൂണിറ്റ് തുക കൊണ്ട് ഗുണനിലവാരമുള്ള വീടുകൾ നിർമിക്കാൻ കഴിയാത്ത സ്ഥിതിയാണ് ഇതുവരെ നിലനിന്നത്. സർക്കാർ സഹായത്തോടെ നിർമിക്കുന്ന വീടുകൾ ഏതാനും വർഷങ്ങൾക്കകം വാസയോഗ്യമല്ലാതായി മാറുന്ന സ്ഥിതിയുണ്ടായി. പട്ടികവർഗക്കാരായ ഗുണഭോക്താക്കൾക്ക് യഥാർത്ഥ എസ്റ്റിമേറ്റിന്റെ തുക തന്നെ നൽകാനുള്ള സർക്കാരിന്റെ തീരുമാനം ഇതിനും മാറ്റം വരുത്തും.

ഏതൊരു വലിയ ലക്ഷ്യവും പോലെ, സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ 'ലൈഫും' വലിയ ത്യാഗവും സമർപ്പണവും ആവശ്യപ്പെടുന്നുണ്ട്. ഈ ജനകീയ വികസന ദൗത്യം വിജയത്തിലെത്തിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളും വികസന പ്രവർത്തകരും ഒറ്റക്കെട്ടായി രംഗത്തിറങ്ങുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.





# ജല പുനർജനി

കെ. രാമചന്ദ്രൻ.ഐ.എ.എസ്

**മൺമറഞ്ഞ പിതൃക്കൾക്ക് മോക്ഷം ലഭിക്കാൻ ഭഗീരഥൻ സ്വർഗ്ഗഗംഗയെ കഠിന തപസിനാൽ ഭൂമിയിലേക്ക് നയിച്ചു എന്ന് ഐതിഹ്യം. മണ്ണിൽ പിറക്കാനിരിക്കുന്ന തലമുറകൾക്ക് വേണ്ടി നമ്മളും അതേ പുണ്യദൗത്യം ഏറ്റെടുക്കുകയാണ്.**

ജലസംരക്ഷണത്തിനായി നമ്മുടെ സംസ്ഥാനത്ത് പല മാതൃകകൾ നിർദ്ദേശിക്കപ്പെടുകയും പ്രാവർത്തികമാക്കപ്പെടുകയും ചെയ്യുന്നുണ്ട്.

ഭൗമോപരിതലജലം നിലനിർത്തുന്നതിന് കുളങ്ങളും ജലാശയങ്ങളും ചെളി നീക്കം ചെയ്ത് ആഴം കൂട്ടി ചുറ്റും കല്ലുകെട്ടിയോ തിട്ടകൾ ബലപ്പെടുത്തിയോ കയർ ഭൂവസ്ത്രം വിരിച്ച് ശക്തമാക്കിയോ നദികളിൽ തടയണകൾ കെട്ടി അതതിടങ്ങളിൽ ജലം നിലനിർത്തിയോ സംരക്ഷിച്ചു പോരുന്നു. എന്നാൽ മഴക്കാലത്ത് ലഭിക്കുന്ന വെള്ളം ഇപ്രകാരം സംരക്ഷിക്കുന്നതിനും മഴക്കുഴികളിൽ നിറച്ചും കിണർ റീചാർജ്ജ് ചെയ്തും സൂക്ഷിക്കുന്നത് വർഷംതോറുമുള്ള ആവർത്തന ചെലവുകൾക്കും പ്രവർത്തനങ്ങൾക്കും വഴിയുണ്ടാക്കുന്നു. മലയിടിച്ചിലും മണ്ണൊലിപ്പും കൊണ്ട് നദികളും ജലാശയങ്ങളും



നികന്നുപോകുന്നത് ഭാരതപ്പുഴ, പമ്പ എന്നിവയുൾപ്പെടെയുള്ള എല്ലാ നദികളിലും ഇടുക്കി, മലമ്പുഴ തുടങ്ങിയ ഡാമുകളിലും നാം കാണുന്നതാണ്. ഇതിനെ പ്രതിരോധിക്കാൻ മലനിരകളിലുൾപ്പെടെയുള്ള വൃക്ഷവത്ക്കരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലുണ്ട്. എന്നാൽ മഴക്കാലത്തു മാത്രമല്ലാതെ വർഷം മുഴുവൻ ജലം ലഭിക്കുന്നതിന് ഭൂമിയിലെ നീരുറവകളെ മെച്ചപ്പെടുത്തുകയും അടഞ്ഞുപോയവയെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയാണാവശ്യം.

### നൈസർഗ്ഗിക നീരുറവകൾ അടഞ്ഞുപോയതിനുള്ള കാരണങ്ങൾ

- ഉറവുപ്രദേശങ്ങളിലെ സ്വാഭാവിക സസ്യജാലങ്ങളെ വെട്ടിമാറ്റി അവിടെ റബ്ബർ പോലെയുള്ള നാണ്യവിളകളും മറ്റും വച്ചുപിടിപ്പിച്ച് സ്വാഭാവിക പ്രകൃതിയെ മാറ്റി മറിച്ചു.
- നീരുറവകൾ നികത്തി മറ്റാവശ്യങ്ങൾക്കു വിനിയോഗിച്ചു.
- പാറക്കെട്ടുകളും കാട്ടുചോലകളും നിറഞ്ഞ ജല ഉറവിടങ്ങൾ തെളിച്ച് അശാസ്ത്രീയവും അനിയന്ത്രിതവുമായ പാറ ഖനനം നടത്തി അവിടുത്തെ പ്രകൃതി ഘടന തന്നെ മാറ്റി മറിച്ചു.
- പാറയിടുക്കുകളിൽ ആറ്റുവഞ്ചികളുടേയും വൻമരങ്ങളുടെയും സംരക്ഷണത്തിൽ നില നിന്ന പന്നൽച്ചെടികളും പായലും മറ്റുമാണ് ജലസാന്നിദ്ധ്യം വർഷം മുഴുവനും ഉറപ്പാക്കിയിരുന്നത്.
- പാറഖനനത്തോടെ അവയെല്ലാം അപ്രത്യക്ഷമായത് നേരിട്ടുള്ള സൂര്യതാപത്തിന്റ തീക്ഷ്ണത കൊണ്ടാണെന്ന് നാം തിരിച്ചറിഞ്ഞ് വേണ്ടതായ കരുതൽ നടപടികൾ സ്വീകരിക്കണം. അപ്രകാരം മണ്ണിൽ മറഞ്ഞുപോയ ജല മുഖങ്ങളെ പുനരുജ്ജീവിപ്പിക്കുക എന്നതാണ് നമ്മുടെ ദൗത്യം.

നമ്മുടെ കുട്ടികളുടെയും അവരുടെ പിറക്കാനിരിക്കുന്ന കുഞ്ഞുങ്ങളുടെയും ജീവൻ ഭൂമിയിൽ നില നിർത്താനുള്ള പരിശ്രമങ്ങൾ ചെയ്യാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തിനായി സമയം കളയുന്നത് ആത്മഹത്യാപരമാണെന്ന് നാം തിരിച്ചറിയുക. കാര്യമായ മുതൽമുടക്കില്ലാതെ പ്രദേശിക കൂട്ടായ്മയിലൂടെ ഉറപ്പാക്കാവുന്നതാണ് ജലസംരക്ഷണം എന്നതിനാൽ ഇനി വരാനുള്ള തലമുറകളോടുള്ള സ്നേഹവും ആത്മാർത്ഥതയും ചേർന്ന മനസ്സുറപ്പു മാത്രം മതി ഈ യജ്ഞം വിജയിപ്പിക്കാൻ. വരണ്ടുകിടക്കുന്ന ഒരു നദിയിൽ ഏതൊക്കെ കൈത്തോടുകളും അരുവികളുമാണ് വെള്ളം എത്തിച്ചുകൊണ്ടിരുന്നതെന്ന് ചുറ്റുവട്ടത്തുള്ളവർക്ക് അറിയാം. വറ്റിപ്പോയ ആ കൈത്തോട്ടിലൂടെ അതിന്റെ ഉത്ഭവസ്ഥാനം വരെ ഒരു കൂട്ടു നടത്തം നടന്നാൽ എങ്ങനെയാണ്/എന്തുകൊണ്ടാണ് ഉത്ഭവസ്ഥാനത്ത് ജ



ലം മാറിപ്പോയതെന്ന് മനസ്സിലാക്കാം. ഇതിനൊന്നും വലിയ പാണ്ഡിത്യമോ ശാസ്ത്രവിജ്ഞാനമോ ആവശ്യമില്ല. വേണ്ടത് പൊതു മനസ്സാക്ഷിയുടെ യോജിപ്പും ആത്മാർത്ഥതയും മാത്രമാണ്. നീരുറവകൾ പുനർജനിപ്പിക്കേണ്ട കർമ്മഭൂമി സർക്കാർ വക പുറമ്പോക്ക് അഥവാ വനപ്രദേശം ആണെങ്കിൽ കാര്യം ഏറെ എളുപ്പമായി. അഥവാ അത് സ്വകാര്യഭൂമിയായാലും, പൊതു ആവശ്യം എന്ന നിലയിലും ജല ലഭ്യതയുടെ പ്രയോജനം ഭൂവുടമയ്ക്കും ഗുണകരം എന്ന നിലയിലും സഹകരണത്തിന് ഒരു കുറവും ഉണ്ടാകാൻ സാധ്യതയില്ല.

**വരണ്ടുകിടക്കുന്ന ഒരു നദിയിൽ ഏതൊക്കെ കൈത്തോടുകളും അരുവികളുമാണ് വെള്ളം എത്തിച്ചുകൊണ്ടിരുന്നതെന്ന് ചുറ്റുവട്ടത്തുള്ളവർക്ക് അറിയാം. വറ്റിപ്പോയ ആ കൈത്തോട്ടിലൂടെ അതിന്റെ ഉത്ഭവസ്ഥാനം വരെ ഒരു കൂട്ടു നടത്തം നടന്നാൽ എങ്ങനെയാണ്/ എന്തുകൊണ്ടാണ് ഉത്ഭവസ്ഥാനത്ത് ജലം മാറിപ്പോയതെന്ന് മനസ്സിലാക്കാം.**

## എന്താണ് കർമ്മപരിപാടി?

സമൂഹത്തിലെ ഏതു വിഭാഗത്തിൽപ്പെട്ടവർക്കും ഈ യജ്ഞത്തിൽ പങ്കെടുക്കാം. ഉദാഹരണത്തിന്,

- പ്രദേശത്തെ സ്കൂളുകളിലെ വിദ്യാർത്ഥികൾ.
- ആർട്ട്സ്-സ്പോർട്സ്-ഹരിത - പരിസ്ഥിതി ക്ളബ്ബുകൾ
- കർഷക സംഘങ്ങൾ
- സഹകരണ സംഘങ്ങൾ
- റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർ
- വിമുക്ത ഭടൻമാർ
- പൊതു പ്രവർത്തകർ

സ്ഥലത്തെ പഞ്ചായത്ത് സമിതി അംഗം, ഗ്രാമവികസന ഉദ്യോഗസ്ഥൻ, റവന്യൂ വില്ലേജ് ഉദ്യോഗസ്ഥൻ എന്നു വേണ്ട ഏതൊരാൾക്കും ഇതിൽ പങ്കാളിയാകാനോ നേതൃത്വം നൽകാനോ സാധിക്കും. ഇത് പരസ്പര ബഹുമാനത്തിലൂന്നിയ ധാർമ്മിക ദൗത്യമാണ് എന്നതിനാൽ പങ്കെടുക്കുന്ന യാതൊരാളുടേയും ധനം, സ്ഥാനം, പെരുമ എന്നിവയൊന്നും ഗൗനിക്കപ്പെടേണ്ടതില്ല. നിർദ്ദിഷ്ട പഞ്ചായത്ത് അധികാരിയും ഗ്രാമവികസന ഉദ്യോഗസ്ഥരും ചേർന്ന് ആലോചിച്ചുറപ്പിക്കുന്ന ഒരു ദിവസം ലൈബ്രറി, കമ്യൂണിറ്റി ഹാൾ തുടങ്ങിയ ഏതെങ്കിലും പൊതുസ്ഥലത്ത് (അത് ഒരു മരച്ചുവട്ടിലും ആകാം) ഓരോ കർമ്മഭൂമിയിലേയും തൽപരരായവർ ഒത്തുചേർന്ന ഒരു കർമ്മ പരിപാടി ആവിഷ്കരിക്കുകയും കഴിയുമെങ്കിൽ അന്നുതന്നെ ഉറവിടത്തിലേക്ക് ഒരു കൂട്ടുനടത്തം സംഘടിപ്പിക്കുകയും ചെയ്യുക. ഒരു തോടിനെയോ നദിയേയോ തന്നെ പല ഘട്ടങ്ങളിലായി തിരിച്ച് ഓരോ ഭാഗത്തിന്റെയും കർമ്മപരിപാടി ഓരോ ഗ്രൂപ്പിനും ഏറ്റെടുക്കാം. കർമ്മപരിപാടി അതത് ഉറവിട ഭൂമിയിൽ നിന്നുതന്നെ ചർച്ച ചെയ്തു തീരുമാനിക്കുന്നതാവും ഉചിതം.

## അവിടുത്തെ പരിസ്ഥിതിയിൽ വരുത്തേണ്ട മാറ്റങ്ങൾ

- നട്ടുവളർത്തേണ്ട സസ്യജാലങ്ങൾ, ആറ്റുവഞ്ചികൾ, ഫലവൃക്ഷങ്ങൾ, കാട്ടുചെടികൾ
- അവ എവിടെ നിന്ന് ലഭ്യമാക്കാം
- എപ്പോൾ നടാം
- വേനലാണെങ്കിൽ, ജലസേചനത്തിനുള്ള ഉപാധികൾ

തുടർനടപടികൾ എന്നിവ ചർച്ച ചെയ്ത് തീരുമാനിക്കാം. ഈ സംരംഭത്തിൽ രാസവളങ്ങളോ കീടനാശിനികളോ പ്രയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം

## ഇപ്രകാരം

- അമിതമായ ഖനന പ്രവർത്തനങ്ങൾ നിർത്തലാക്കണം.
- അടിയന്തരമായി അവിടെ ഈർപ്പത്തിന്റെ അന്തരീക്ഷം സംജാതമാക്കുക.
- ആറ്റുവഞ്ചികളും, ഇലപ്പടർപ്പുകളും മുളകളും പുനഃസ്ഥാപിക്കുക.
- പേര, ജാമ്പ മുതലായ ഫലസസ്യങ്ങളും നട്ടുവളർത്തുക.
- കന്നുകാലികളെ അവിടേക്ക് മേയാൻ വിടാതിരിക്കുക.
- മനുഷ്യരുടെ അമിതമായ ഇടപെടലുകൾ ഒഴിവാക്കുക.

പണച്ചിലവില്ലാത്ത തുടർപ്രവർത്തനം എന്ന നിലയിൽ, ഒരു ജീവിതവ്രതം എന്ന നിലയിൽ വേണം ഈ യജ്ഞത്തെ സമീപിക്കേണ്ടത്. പ്രകൃതിയിൽ നിന്നും നാം എടുത്തത് നമ്മുടെ മക്കൾക്കുവേണ്ടി പ്രകൃതിയിലേക്കു നിക്ഷേപിക്കുക മാത്രമാണ് നാം ചെയ്യുന്നത്. പ്രകൃതി ശരീരം ജലസമൃദ്ധിയാൽ ആരോഗ്യവത്താകട്ടെ. ●

*ഗ്രാമവികസന കമ്മീഷണറാണ് ലേഖകൻ*



# മണ്ണാണ് ജീവൻ!

മനോജ് മാമ്പറ്റ / ഷിജു ഏലിയാസ്

മണ്ണ് നാടിന്റെ പാരമ്പര്യത്തിന്റെ പര്യായമാണ്. മണ്ണിനോടുള്ള അറപ്പ് സംസ്കാരത്തോടുള്ള പുച്ഛവും. ഉപഭോഗ സംസ്കാരത്തിന്റെ തിരത്തള്ളലിൽ, മണ്ണിന്റെ നന്മയും പ്രകൃതി സൗഹൃദ ജീവിതവും നമുക്ക് നഷ്ടമാവുകയാണ്. മണ്ണിൽ ചവിട്ടാൻ അറപ്പുള്ള ഒരു തലമുറ കേരളത്തിൽ വളർന്നുവരുന്നുണ്ട്. 'മണ്ണിനോടുള്ള ഈ പുച്ഛവും അവഗണനയും തന്നെയാവണം മൺപാത്രങ്ങളോട് മുഖം തിരിക്കാൻ മലയാളിയെ പ്രേരിപ്പിക്കുന്നത്. ആഹാരം വിഷമയമാക്കുന്ന നോൺ സ്റ്റിക്ക് പാനുകളിലും അനാരോഗ്യകരമെന്നു തെളിഞ്ഞു കഴിഞ്ഞ അലൂമിനിയം പാത്രങ്ങളിലുമാണ് വീടുകളിലിന്ന് പാചകം നടക്കുന്നത്. മൺപാത്ര നിർമാണം കുലത്തൊഴിലാക്കിയ വിഭാഗങ്ങൾ വറുതിയുടെ വക്കിലാണ്. ഇങ്ങനെ ചിലർ ഇവിടെ ജീവിക്കുന്നുണ്ടെ'ന്ന് പൊതുസമൂഹത്തെ ഓർമപ്പെടുത്തുകയാണ് മൺപാത്ര നിർമാണ തൊഴിലാളിയും ചുവർ ചിത്ര കലാകാരനുമായ മനോജ് മാമ്പറ്റ.

'ആരോഗ്യത്തോടെ ജീവിക്കാൻ ആരോഗ്യകരമായ ജീവിത ശീലങ്ങളിലേക്ക് തിരികെ പോയേ മതിയാവൂ. നമ്മുടെ ശീലങ്ങളും രീതികളും പ്രകൃതി സൗഹൃദമാവണം. പരമ്പരാഗത തൊഴിലുകളും കുടിൽ വ്യവസായങ്ങളും പുതിയ കാലത്ത് പ്രസക്തമല്ലെന്ന ധാരണ തിരുത്തണം. മൺപാത്ര നിർമാണത്തെ പ്രോത്സാഹിപ്പിക്കണമെന്ന് പറയുന്നത് കുറച്ചു പേരുടെ അന്നം ഉറപ്പാക്കാൻ വേണ്ടി മാത്രമല്ല. അത് കാര്യത്തിന്റെ ഒരു വശം മാത്രമാണ്. വിഷരഹിത പച്ചക്കറി ഉൽപ്പാദിപ്പി



ചിത്രങ്ങൾ : വിൻസന്റ് പീറ്റർ

ച്ചാൽ മാത്രം പോരാ. ആരോഗ്യകരമായ രീതിയിൽ അത് പാചകം ചെയ്യുകയും വേണം. മണ്ണുൽപ്പന്നങ്ങൾ നിർമിക്കുന്നത് ഒരു തൊഴിൽ മാത്രമല്ല, കല കൂടിയാണ്. കലയും സംസ്കാരവും ആരംഭിച്ചത് മനുഷ്യൻ മണ്ണിൽ പെരുമാറാൻ തുടങ്ങിയപ്പോഴാണ്. മണ്ണിൽ നിന്ന് അകലുന്നതോടെ സംസ്കാരവുമായുള്ള പൊക്കിൾക്കൊടി ബന്ധം മുറിയുന്നു...' **ഗ്രാമഭൂമിക്കു വേണ്ടി മനോജ് മാമ്പറ്റയുമായി ഷിജു ഏലിയാസ് നടത്തിയ അഭിമുഖം.**

**ചരിത്രത്തിലെ ഏറ്റവും പഴക്കമുള്ള ഒരു കലയും തൊഴിലുമാണല്ലോ മൺപാത്ര നിർമാണം. അർഹിക്കുന്ന ആദരവും പരിഗണനയും ഇപ്പോൾ ഇതിനു ലഭിക്കുന്നുണ്ടോ? ഒരേ സമയം ഒരു കലാകാരനും മൺപാത്ര തൊഴിലാളിയുമായ താങ്കൾ ഈ മാറിയ സാഹചര്യത്തെ എങ്ങനെ കാണുന്നു?**

വളരെ പ്രസക്തമാണ് താങ്കൾ സൂചിപ്പിച്ച കാര്യം.

കളിമൺ പാത്ര നിർമ്മാണത്തിനു മനുഷ്യ സംസ്ക്കാരത്തിന്റെ ചരിത്രത്തോളം പഴക്കമുണ്ട്. ഭക്ഷണം വേവിച്ചു കഴിക്കാൻ തുടങ്ങിയതോടെയാണ് മനുഷ്യൻ കാടത്തം വിട്ട് സംസ്കാരത്തിലേക്ക് കടന്നത്. മനുഷ്യന്റെ ഏറ്റവും വലിയ രണ്ടു കണ്ടുപിടുത്തങ്ങൾ തീയും ചക്രവുമാണെന്ന് ചരിത്രകാരൻമാർ പറയാറുണ്ട്. അന്നത്തെ മനുഷ്യൻ ചക്രം കണ്ടു പിടിച്ചത് വണ്ടിയോടിക്കാനല്ല. മൺപാത്രങ്ങൾ ഉണ്ടാക്കാനാണ്.

ഇന്നത്തെ ലോകത്ത് കമ്പ്യൂട്ടർ എൻജിനീയർക്കുള്ള അതേ സ്ഥാനമാണ് അന്നത്തെ സമൂഹത്തിൽ മൺപാത്ര വിദഗ്ധർക്ക് ഉണ്ടായിരുന്നത്. അതായിരുന്നു അന്ന് മനുഷ്യന് അറിയാവുന്ന ഏറ്റവും വലിയ കലയും ഏറ്റവും വികസിച്ച തൊഴിലും.

ആയിരക്കണക്കിന് കൊല്ലക്കാലം ഈ പദവിയും പ്രാധാന്യവും നിലനിന്നു. പിന്നീട്, സ്ഥിതി മാറി. ആധുനികരാവാൻ വേണ്ടി പഴയതെല്ലാം വേണ്ടെന്നു വയ്ക്കുന്ന കൂട്ടത്തിൽ ഇതും മോശമാണെന്ന് നമ്മൾ തീരുമാനിച്ചു. ഇന്ന് ഈ തൊഴിലിന് അർഹമായ ആദരവും പ്രോത്സാഹനവും ലഭിക്കുന്നില്ല.വിദേശ രാഷ്ട്രങ്ങളിൽ ഈ തൊഴിലിന് കലാമൂല്യം (Art value) ലഭിക്കുമ്പോൾ ഇന്ത്യയിൽ കൈവേല (Craft Value) എന്ന രീതിയിലാണ് ഇതിനെ പരിഗണിക്കുന്നത്. ഒരേ സമയം കലാപരമായും വ്യാവസായികമായും പ്രോത്സാഹനം ആവശ്യമുള്ള ഒരു മേഖലയാണിത്. സമൂഹത്തിലെ അവഗണനയും അധിക്ഷേപവും അനുഭവിക്കുന്ന ഒരുവിഭാഗമായി മൺപാത്രതൊഴിലാളികൾ മാറിക്കഴിഞ്ഞു.

**മണ്ണ് തിന്ന ഉണ്ണിക്കണ്ണന്റെ കഥ നമുക്കറിയാം. 'മനുഷ്യാ, നീ മണ്ണാകുന്നു' എന്ന് ബൈബിളിലും പറഞ്ഞിട്ടുണ്ട്. മണ്ണിൽ നിന്ന് ഉണ്ടായി മണ്ണിലേക്കു തന്നെ മടങ്ങുന്നവനാണ് മനുഷ്യൻ. എന്നിട്ടും പുതിയ കാലത്തെ മനുഷ്യന് മണ്ണിൽ തൊടാൻ അറപ്പാണ്. മണ്ണിനോടുള്ള ഈ അകൽച്ച മൺപാത്രത്തോടും ഉണ്ടെന്ന് തോന്നിയിട്ടുണ്ടോ?**

ബൈബിളിലും, ഖുർ ആനിലും വേദോപനിഷത്തുകളിലും മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ പറ്റി വിശദീകരിക്കുന്നുണ്ട്. എല്ലാ മതങ്ങളും മണ്ണിനെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. മണ്ണിനോടുള്ള സ്നേഹം മനുഷ്യനോടുള്ള സ്നേഹമായി പരിണമിക്കണമെന്ന ഒരു സന്ദേശവും ഇതിലൂടെ നൽകുന്നുണ്ടെന്ന് വ്യക്തം. ഒരു നാടിന്റെ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പ്രതീകമാണ് മണ്ണ്. മണ്ണിൽ നിന്ന് അകലുമ്പോൾ മനുഷ്യന് അവന്റെ സംസ്കാരം കൂടിയാണ് നഷ്ടപ്പെടുന്നത്. സംസ്കാരം ജീവിതം തന്നെയാണ്. പുതിയ തലമുറയ്ക്ക് മണ്ണുതൊടാൻ അറപ്പാണ്.

ഞങ്ങൾ പാരമ്പര്യമായി ഈ തൊഴിൽ ചെയ്യുന്നവരാണ്. എന്നിട്ടും, ഞങ്ങളുടെ പുതു തലമുറ ഈ തൊഴിലിലേക്കു വരുന്നില്ല. ഒരുപക്ഷെ, അമിത അധ്വാനവും അപകർഷതാ ബോധവുമായിരിക്കാം ഇതിനു കാരണം.ഈ തൊഴിൽ ചെയ്യുന്നവർ മോശക്കാരാണെന്നുള്ള ധാരണ പലർക്കുമുണ്ട്.

കുശവൻ എന്ന പ്രയോഗം ഒരു ശകാര പദമായി ഉപയോഗിക്കുന്നതിന് മലയാള സാഹിത്യത്തിൽ ധാരാളം ഉദാഹരണങ്ങൾ കാണാൻ കഴിയും. ജന്മിത്വ കാലത്ത് തുടങ്ങിയ ഇത്തരം പ്രവണതകൾ ജനാധിപത്യം വന്നതിനു ശേഷവും ഇല്ലാതായില്ല. പുതിയ തലമുറയുടെ ജീവിത കാഴ്ചപ്പാടുകൾ മാറിയപ്പോൾ ഇത്തരം പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നവരുടെ അപകർഷതാബോധവും കൂടുതൽ തീവ്രമായി. പുതു തലമുറയ്ക്ക് മണ്ണിനോടുള്ള അറപ്പ് ഇന്നത്തെ ഉപഭോക്തൃ സംസ്ക്കാരത്തിന്റെ കൂടി ഫലമാണ്.

വാസ്തവത്തിൽ, സൃഷ്ടിയുടെ ഇടമാണ് മണ്ണ്. ഒന്നും സ്വയം ഉണ്ടാക്കേണ്ടതില്ല, എല്ലാം വാങ്ങി ഉപയോഗിച്ചാൽ മതി എന്നാണല്ലോ ഉപഭോക്തൃ സംസ്കാരം പഠിപ്പിക്കുന്നത്.

കുന്നുകൾ ഇടിച്ചു നിരത്തി കൂറ്റൻ കോൺക്രീറ്റ് സൗധങ്ങൾ നിർമ്മിച്ച് അതിന്റെ ചുവരുകൾക്കുള്ളിൽ കഴിയുന്ന കഴിയുന്ന തലമുറയ്ക്ക് മണ്ണ് തൊടാൻ അറപ്പുതോന്നുന്നത് സ്വാഭാവികമാണ്. ഈ അകൽച്ച തന്നെയാണ് ഇന്നത്തെ മനുഷ്യർക്ക് മൺപാത്രങ്ങളോടും തോന്നുന്നത്. മണ്ണിനോട് അറപ്പു തോന്നുന്ന മനുഷ്യൻ അതോടെ സ്വന്തം ചരിത്രത്തെയും സംസ്കാരത്തെയും വെറുക്കാൻ തുടങ്ങുന്നു. മനുഷ്യരാശിയുടെ അധഃപതനത്തിലേക്ക് അവിടെ നിന്ന് ദൂരമില്ല.

ഈ പറയുന്നതത്രയും മൺപാത്രങ്ങളെ കുറിച്ചാണെന്ന് ധരിക്കരുത്. കൃഷിക്കും കൈകെത്താഴിലുകൾക്കുമെല്ലാം ഇത് ബാധകമാണ്. മണ്ണിനെ സ്നേഹിക്കാതെയും കൃഷി ചെയ്യാമെന്ന് തെളിയിച്ചവരാണല്ലോ

നമ്മുടെ തലമുറ. കീടനാശിനികളും രാസവളങ്ങളും കണക്കില്ലാതെ ഉപയോഗിച്ച് മണ്ണിനെ കൊന്ന് കൃഷി ചെയ്തുണ്ടാക്കുന്നതാണല്ലോ നമ്മൾ ഇന്നു കഴിക്കുന്നത്. അതിന്റെ ഫലവും നമ്മൾ അനുഭവിക്കുകയാണ്.

**പൊട്ടിപ്പോകാത്തതും നശിക്കാത്തതുമായ ഉൽപ്പന്നങ്ങളാണ് ഇന്നത്തെ മനുഷ്യനു വേണ്ടത് എന്നാണ് പറയാറുള്ളത്. ഉപയോഗിച്ച് വലിച്ചെറിയാനാണെങ്കിലും നമുക്ക് നശിക്കാത്ത വസ്തുക്കൾ തന്നെ വേണം. ഇങ്ങനെ വലിച്ചെറിഞ്ഞ നശിക്കാത്ത വസ്തുക്കളുടെ കൂമ്പാരങ്ങൾക്കു നടുവിലാണ് നമ്മൾ ജീവിക്കുന്നത്. പ്ലാസ്റ്റിക്കിനെതിരെ പ്രസംഗിക്കാൻ നമ്മൾ ഒട്ടും മോശമല്ല. എന്നാൽ, മണ്ണിലേക്കു നോക്കാൻ നമ്മൾ ഇപ്പോഴും തയ്യാറാകുന്നില്ല. എന്തു തോന്നുന്നു?**


ചിത്രങ്ങൾ : വിൻസന്റ് പീറ്റർ

താങ്കളുടെ നിഗമനം വളരെ ശരിയാണ്. മാലിന്യക്കൂമ്പാരങ്ങളുടെ നടുവിലാണ് നമ്മൾ ജീവിക്കുന്നത്. എന്നിട്ടും നാം പിന്നെയും പിന്നെയും മാലിന്യങ്ങൾ കുന്നു കൂട്ടുന്നു.

മാലിന്യമായാൽ പോലും, അത് പൊട്ടാത്തതും അഴുകാത്തതും ആകുന്നതാണ് നമുക്കിഷ്ടം. പ്ലാസ്റ്റിക് നിരോധനത്തെപ്പറ്റി വാതോരാതെ സംസാരിക്കുമ്പോഴും പ്ലാസ്റ്റിക് കാരിബാഗുകൾ നിരോധിക്കാനോ വേണ്ടെന്നു വയ്ക്കാനോ നമുക്കു കഴിയുന്നില്ല.

അതേ സമൂഹമാണ് ഒന്ന് ശ്രദ്ധ തെറ്റിയാൽ ഉടഞ്ഞുപോവുമെന്ന കാരണത്താൽ മൺപാത്രങ്ങളുടെ ഉപയോഗത്തെ നിരുത്സാഹപ്പെടുത്തുന്നത്. മൺപാത്രങ്ങൾ വർഷങ്ങളോളം പൊട്ടാതെ വളരെ ശ്രദ്ധയോടെ ഉപയോഗിച്ച ഒരു തലമുറ ഇവിടെ ഉണ്ടായിരുന്നു. അവർക്ക് ജീവിത ശൈലീ രോഗങ്ങളും കുറവായിരുന്നു. ഇന്ന് ആ സാഹചര്യം മാറി. നമുക്ക് ഒന്നിനും സമയമില്ല. ഒരു ശ്രദ്ധയുമില്ലാതെ പാത്രങ്ങൾ വലിച്ചു വാരി കഴുകി ടിവിയുടെ മുന്നിലേക്ക് ഓടുന്നവർക്ക് മൺപാത്രങ്ങൾ അസൗകര്യമായി തോന്നാം. അത്തരക്കാർക്ക് മൺപാത്രങ്ങൾ ഉപയോഗിക്കാനുള്ള ക്ഷമയോ ധൈര്യമോ കാണില്ല. മൺപാത്രങ്ങൾ പൊട്ടിപ്പോവുമെന്നതാണ് അവരുടെ പരാതി. കോഴിക്കോട്ടു നടന്ന ഒരു വിപണന മേളയിൽ ഒരു സ്ത്രീ ചോദിച്ചു: 'ഇത്രയും വില തന്ന് ഈ സാധനം വാങ്ങിയാൽ അത് പൊട്ടാതെ വീട്ടിലെത്തുമെന്ന് എന്താണുറപ്പ്?'

നല്ല വിദ്യാഭ്യാസവും സോഷ്യൽ സ്റ്റാറ്റസുമുള്ള ഒരാളാണ് ഇത് ചോദിച്ചതെന്ന് ഓർക്കണം. 'കാറിൽ കയറി ഓടിച്ചു പോകുന്ന ഈ പോക്കിൽ താങ്കൾ ജീവനോടെ വീട്ടിലെത്തുമെന്ന് എന്തെങ്കിലും ഉറപ്പുണ്ടോ' എന്നെനിക്ക് തിരിച്ച് ചോദിക്കേണ്ടി വന്നു.

നല്ലതെന്തും മണ്ണിനോടു ചേരുന്നതാണ്; കാലാകാലം ഭൂമിക്കു ഭാരമായി കിടക്കുന്നതല്ല. ഇന്നല്ലെങ്കിൽ നാളെ, സമൂഹം ഇതു മനസ്സിലാക്കും. നശിക്കാത്ത സാധനങ്ങളോടുള്ള ഭ്രമം നമ്മെ നാശത്തിൽ എത്തിക്കും. മൺപാത്രങ്ങൾ ഉണ്ടാക്കുന്നവർക്കു വേണ്ടി ഇതു ചെയ്യണമെന്നില്ല. നമ്മുടെ ആരോഗ്യത്തിനും നന്മയ്ക്കും വേണ്ടി ചെയ്താൽ മതി. മൺപാത്രങ്ങൾ നിർമ്മിക്കുന്ന എന്നെപ്പോലുള്ള ആളുകൾ കൂടി അതിലൂടെ രക്ഷപ്പെടും.

മൺപാത്രങ്ങൾ ഉപയോഗിക്കുന്ന മനുഷ്യന് മണ്ണിനെ സ്നേഹിക്കാതിരിക്കാൻ കഴിയില്ല. മണ്ണിനെ സ്നേഹിക്കുന്നവർക്ക് മനുഷ്യനെ സ്നേഹിക്കാനാവൂ. കാരണം, മണ്ണും മനുഷ്യനും തമ്മിലുള്ള ജൈവ ബന്ധമാണ് സംസ്കാരത്തിന്റെ അടിത്തറ.

**വലിയ നഗരങ്ങളിലെ കോസ്മോപൊളിറ്റൻ സംസ്കാരത്തിൽ, മറ്റു പലതുമെന്ന പോലെ മണ്ണുൽപ്പന്നങ്ങളും ഒരു ഫാഷനായി തുടങ്ങിയിട്ടുണ്ട്. മൺചട്ടിയിൽ കർക്കിടകക്കഞ്ഞി കുടിക്കുക- അങ്ങനെ! ഈ മാറ്റം ശ്രദ്ധിച്ചിട്ടുണ്ടോ? ഇതിനെ എങ്ങനെ കാണുന്നു?**

ശരിയാണ്. കൗതുകത്തോടെ പറയട്ടെ, ഇതിന്റെ പ്രധാന കാരണക്കാർ ഇവിടെ വരുന്ന വിദേശികളാണ്. അവർ പൊതുവെ സംസ്കാരങ്ങളെ അറിയാൻ താൽപ്പര്യമുള്ളവരാണ്.

വിദേശ ടൂറിസ്റ്റുകൾ വലിയ റിസോർട്ടുകളിലും മറ്റും തങ്ങുമ്പോൾ അവരെ സന്തോഷിപ്പിക്കാൻ കേരളീയമായ എന്തെങ്കിലുമൊക്കെ നൽകേണ്ടി വരും. അവർക്ക് മൺപാത്രങ്ങളിൽ ഭക്ഷണം വിളമ്പാറുണ്ട്. അവർ അത് നന്നായി ആസ്വദിക്കുകയും ചെയ്യാറുണ്ട്. വിദേശികളെ അനുകരിക്കുന്ന ശീലം കൊണ്ടോ എന്തോ - നമ്മുടെ ആളുകളും കുറച്ചൊക്കെ മാറിത്തുടങ്ങി. കാരണം എന്തുമാകട്ടെ, ഈ മാറ്റം നല്ലതാണ്.

പ്രകൃതി ചികിത്സകരും ആയുർവേദ ആചാര്യന്മാരും ഒരു പരിധി വരെ മൺപാത്രത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കാറുണ്ട്.

ഇത് നല്ലൊരു പ്രവണതയാണ്. ഇതെല്ലാം വിദേശികളെ കണ്ടു പഠിക്കേണ്ടി വരുന്നതാണ് നമ്മുടെ ഗതികേട്. നമ്മുടെ ഗുരു കാരണവൻമാർ പരമ്പരയാ കൊണ്ടു നടന്ന അറിവുകൾ പോലും വിദേശ സർവകലാശാലകളുടെ ഗവേഷണ പ്രബന്ധങ്ങളിലൂടെയാണല്ലാ നമ്മൾ അറിയുന്നത്. മൺപാത്രത്തിന്റെ ഗുണഗണങ്ങൾ അനുഭവിച്ചറിഞ്ഞവരാണ് നമ്മുടെ മുൻ തലമുറകൾ. നമ്മൾ അവരെ അവഗണിക്കുന്നു. ആ തലമുറയെ വൃദ്ധസദനങ്ങളിൽ എത്തിക്കുകയും വിദേശത്തു കൊണ്ടു പോയി വേലക്കാരികളാക്കുകയും ചെയ്യുന്ന നമുക്ക് അവരുടെ അറിവുകളിൽ താൽപര്യമുണ്ടാവാൻ വഴിയില്ലല്ലോ! സ്വന്തം അമ്മയോടു ചെയ്യുന്നതേ ഒരാൾ ഭൂമിയോടും ചെയ്യൂ. രണ്ടും രണ്ടാണെന്ന് എങ്ങനെ കരുതാനാവും!

മണ്ണിനോട് ചെയ്യുന്നതു തന്നെയാണ് മനുഷ്യൻ മൺപാത്രങ്ങളോടും ചെയ്യുന്നത്.



**മൺപാത്ര നിർമാണത്തെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥയെന്താണ്? ഈ തൊഴിൽ കൊണ്ട് ഇന്ന് കുടുംബം പുലർത്താൻ കഴിയുമോ?**

കേരളത്തിൽ മൺപാത്രങ്ങൾ നിർമ്മിക്കുന്ന ഏഴോളം സമുദായക്കാരുണ്ട്. ഇതിൽ ഈ തൊഴിൽ ഉപേക്ഷിച്ച് മറ്റു മേഖലകൾ തേടിപ്പോയ പലരും ഒരു പരിധി വരെ നല്ല രീതിയിൽ ജീവിതം നയിക്കുന്നുണ്ട്. എന്നാൽ, ഇപ്പോഴും സ്വന്തം കുലത്തൊഴിലിനോട് ചേർന്നു നിൽക്കുന്ന ബാക്കിയുള്ളവരുടെ ജീവിതം ദുരിതം നിറഞ്ഞതാണ്. കടുത്ത അധ്വാനം വേണ്ട തൊഴിലാണ് മൺപാത്ര നിർമാണം. അതിനു തക്ക വരുമാനം കിട്ടുകയുമില്ല. ഇന്നത്തെ പോക്കു പോയാൽ ഇനിയൊരു പത്തുവർഷത്തിനുള്ളിൽ ഈ തൊഴിൽ അന്യം നിൽക്കും.

ഉയർന്ന വില നൽകിയാണ് നിങ്ങൾ കടകളിൽ നിന്ന് മൺപാത്രങ്ങൾ വാങ്ങുന്നത്. അതിന്റെ മെച്ചം മൺപാത്ര തൊഴിലാളികൾക്കു കിട്ടുന്നില്ല. ഇടനിലക്കാരാണ് ഇതിന്റെ ലാഭമെടുക്കുന്നത്. നിർമ്മാണ സ്ഥലത്തു നിന്ന് വാങ്ങുന്നതിന്റെ മൂന്നു മുതൽ നാലിരട്ടി വരെ ലാഭത്തിലാണ് കടക്കാർ മൺപാത്രങ്ങൾ വിൽക്കുന്നത്. ഉൽപ്പാദിപ്പിക്കുന്നവർക്ക് കഷ്ടപ്പാടും ദുരിതവും, വിൽക്കുന്നവർക്ക് കൊള്ളലാഭവും എന്നതാണ് ഈ രംഗത്തെ സ്ഥിതി. വാസ്തവത്തിൽ, ഇവിടെയാണ് സർക്കാരിന്റെ ഇടപെടൽ വേണ്ടത്.

സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന കുംഭാരൻമാർക്ക് നാളിതുവരെ കടുത്ത അവഗണന മാത്രമാണ് കിട്ടിയത്. ഈ തൊഴിൽ കൊണ്ട് ജീവിക്കുന്ന കുംഭാര സമുദായത്തെ ഇപ്പോഴും പട്ടികജാതികളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നതാണ് ഏറ്റവും ഖേദകരമായ കാര്യം. ഗൗരവത്തോടെയുള്ള സർക്കാർ ഇടപെടൽ ഉണ്ടായില്ലെങ്കിൽ ഇവരുടെ ഈ തലമുറയോടുകൂടി കേരളത്തിലെ മൺപാത്ര നിർമ്മാണം അന്യം നിൽക്കും.

**മണ്ണ് കിട്ടാൻ ക്ഷാമമുള്ളതായി കേൾക്കുന്നു. ശരിയാണോ? എന്തൊക്കെയാണ് ഈ രംഗം ഇന്നു നേരിടുന്ന പ്രധാന വെല്ലുവിളികൾ?**

മണ്ണു കിട്ടാൻ വളരെ ബുദ്ധിമുട്ടാണ്. ആളുകൾ ഈ തൊഴിൽ ഉപേക്ഷിക്കാനുള്ള ഒരു കാരണം. അതാണ്.

ഉള്ള മണ്ണെല്ലാം വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിച്ച് കഴിഞ്ഞു. ബാംഗ്ലൂർ, മൈസൂർ, മംഗലാപുരം എന്നിവിടങ്ങളിൽനിന്ന് മണ്ണു കൊണ്ടുവന്ന് തൊഴിൽ നിലനിർത്താനുള്ള സാമ്പത്തിക സ്ഥിതി കളിമൺപാത്ര തൊഴിലാളികൾക്കില്ല. മണ്ണെടുക്കുന്നതിന് പരിസ്ഥിതി മന്ത്രാലയത്തിന്റെ വിലക്കും നിലനിൽക്കുന്നുണ്ട്. പല സ്ഥലങ്ങളിലും മണ്പാത്രത്തൊഴിലാളികളെ കളിമൺ മുതലാളിമാരും ഇടനിലക്കാരും ചൂഷണം ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, ചില ക്ലേ മുതലാളിമാർ ഓട് കമ്പനിക്കാരിൽനിന്നു ലോഡിന് 200രൂപ വാങ്ങുമ്പോൾ മൺപാത്ര

തൊഴിലാളികളിൽനിന്ന് 2000 രൂപ വാങ്ങുന്നു.

പിന്നെ, മൺപാത്ര തൊഴിലാളികൾ കുറച്ചു മണ്ണ് കുഴിച്ചെടുക്കുന്നതു കൊണ്ട് പരിസ്ഥിതിക്ക് വലിയ ആഘാതമൊന്നും സംഭവിക്കുന്നില്ല. ഒരു മീറ്റർ മേൽമണ്ണ് നീക്കിയാണ് കളിമണ്ണെടുക്കുന്നത്. അതും, ഒരു മീറ്റർ താഴ്ചയിൽ മാത്രമേ മണ്ണെടുക്കുന്നുള്ളു, ഈ മണ്ണെടുത്ത ഭാഗത്ത് ചെമ്മണ്ണ് നിറച്ച്, ആദ്യം നീക്കിയ മേൽമണ്ണു കൂടി വിരിച്ചാൽ വയലിന്റെ സ്വാഭാവികത ഒരു പരിധി വരെ നിലനിർത്താൻ സാധിക്കും.

വൻകിട കളിമൺ ഖനനമാണ് പരിസ്ഥിതിക്ക് കൂടുതൽ ആഘാതം ഏൽപ്പിക്കുന്നത്. ഈ കാര്യം പരിസ്ഥിതി വാദികളും പരിസ്ഥിതി മന്ത്രാലയവും മനസ്സിലാക്കിയാൽ മൺപാത്ര നിർമ്മാണത്തിനുള്ള മണ്ണ് എടുക്കാനുള്ള തടസ്സം നീക്കാവുന്നതേയുള്ളൂ. അതിന് കഴിയുന്നില്ലെങ്കിൽ ഗവൺമെന്റ് ഇടപെട്ട് മറ്റു സംസ്ഥാനങ്ങളിൽ നിന്ന് മണ്ണെത്തിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.



**ആളുകളുടെ മാറുന്ന അഭിരുചികൾക്കനുസരിച്ച് പുതിയ രീതിയിലും ആകൃതിയിലുമുള്ള പാത്രങ്ങളും കൂജകളും മറ്റും ഉണ്ടാക്കി വിപണിയിൽ എത്തിക്കേണ്ടതല്ലേ? അത് വേണ്ടത്ര നടക്കുന്നുണ്ടോ?**

മറ്റു സംസ്ഥാനങ്ങളിൽ ഒരുപാട് സ്ഥാപനങ്ങൾ ഉണ്ട്. ഡൽഹി ബ്ലൂ പോട്ടറി ഇൻസ്റ്റിറ്റ്യൂട്ട്, ജയ്പൂരിലെ പോട്ടറി ഇൻസ്റ്റിറ്റ്യൂട്ട്, ബാംഗ്ലൂരിലെ പോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയവ അവയിൽ ചിലതാണ്. കേരളത്തിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ ഇല്ല. പുതിയ തലമുറയിൽപ്പെട്ട കുറച്ചു പേർ അവരുടെ ഭാവനക്കനുസരിച്ചു പല ആകൃതികളിലുള്ള കൂജകളും പാത്രങ്ങളും നിർമിക്കുന്നുണ്ട്. ഏതാനും പേർ ചുമർ ചിത്രങ്ങ

**നല്ലതെന്തും മണ്ണിനോടു ചേരുന്നതാണ്; കാലാകാലം ഭൂമിക്കു ഭാരമായി കിടക്കുന്നതല്ല. ഇന്നല്ലെങ്കിൽ നാളെ, സമൂഹം ഇതു മനസ്സിലാക്കും നശിക്കാത്ത സാധനങ്ങളോടുള്ള ഭ്രമം നമ്മെ നാശത്തിൽ എത്തിക്കും.**

ളും മറ്റും ചെയ്യുന്നുണ്ട്.ഇതൊഴികെ, ഇത്തരത്തിലുള്ള യാതൊരു ശ്രമവും ഇവിടെ നടക്കുന്നില്ല. ഗവണ്മെന്റ് മുൻകൈയെടുത്തു പരിശീലന കേന്ദ്രങ്ങൾ സ്ഥാപിച്ചാൽ, മാറുന്ന അഭിരുചിക്കനുസരിച്ചു പുതിയ രൂപത്തിലും ഭാവത്തിലുമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വിപണികളെ സജീവമാക്കാൻ സാധിക്കും. മറ്റു കരകൗശല മേഖലകളിലെല്ലാം പുത്തൻ പരീക്ഷണങ്ങൾ നടക്കുമ്പോൾ കേരളം ഈ മേഖലയോട് പുറംതിരിഞ്ഞു നിൽക്കുകയാണ്.

**ഈ രംഗത്ത് സാങ്കേതിക ആധുനികവൽക്കരണത്തിന് സാധ്യതയുണ്ടോ? അത്തരത്തിൽ എന്തെങ്കിലും കേരളത്തിൽ നടക്കുന്നുണ്ടോ?**

തീർച്ചയായും, ഈ രംഗത്തെ സാങ്കേതിക ആധുനിക വൽക്കരണത്തിന് വലിയ സാധ്യതയുണ്ട്. ബാംഗ്ലൂരിൽ മിട്ടി കൂൾ എന്നൊരു സ്ഥാപനമുണ്ട്. അവിടെ പല രൂപത്തിലും ആകൃതിയിലുമുള്ള മൺപാത്രങ്ങൾ നിർമിക്കുന്നുണ്ട്. മണ്ണിന്റെ കുക്കർ അവിടെ കാണാം. അത്തരത്തിലുള്ള ഒരു സംരംഭവും കേരളത്തിലില്ല. കേരളം ഐ ടിയുടെയും സ്മാർട്ടിന്റെയും മെട്രോയുടെയും പുറകെയാണ്. പഴയതെല്ലാം ഉപേക്ഷിച്ചാലേ പുതിയതിലേക്ക് പോകാൻ പറ്റൂ എന്ന നമ്മുടെ ധാരണ ശരിയല്ല. അത് മാറണം.

**മൺപാത്ര നിർമാണമെന്ന കുടിൽ വ്യവസായത്തെയും തൊഴിലിനെയും പ്രോത്സാഹിപ്പിക്കാൻ സർക്കാരിന് എന്തു ചെയ്യാൻ കഴിയുമെന്നാണ് താങ്കൾ കരുതുന്നത്? ഈ രംഗത്തെ സർക്കാരിന്റെ ഇടപെടലുകൾ എത്രമാത്രം തൃപ്തികരമാണ്?**

മൺപാത്ര നിർമ്മാണം വളരെ സങ്കീർണ്ണതകൾ നിറഞ്ഞ പ്രക്രിയയാണ്. പാത്രങ്ങൾ നിർമ്മിച്ചു കഴിഞ്ഞാൽ അത് ചൂളയിൽ വെച്ചു ചുട്ടെടുക്കണം. ഇങ്ങനെ ചുട്ടെടുക്കുമ്പോൾ കുറേ പാത്രങ്ങൾ പൊട്ടിപ്പോകും. നാലു പാത്രങ്ങൾ ഉണ്ടാക്കിയാൽ അതിൽ ഒരെണ്ണം ഇങ്ങനെ പോകും. മഴക്കാലത്ത് നിർമ്മാണം നടക്കില്ല. കാരണം, മഴക്കാലത്താവുമ്പോൾ അന്തരീക്ഷത്തിലെ ഈർപ്പം കയറി പാത്രങ്ങൾ പൊട്ടിപ്പോകാൻ സാധ്യത കൂടുതലാണ്. മൺപാത്രങ്ങൾ നിർമ്മിക്കുന്നവർ മഴക്കാലത്ത് പട്ടിണിയിലാണ്. പരമ്പരാഗതമായി ഈ തൊഴിൽ ചെയ്തു വരുന്ന വിഭാഗങ്ങൾക്ക് അർഹമായ പരിഗണന നൽകണം. കയർ, കൈത്തറി, കശുവണ്ടി വ്യവസായങ്ങൾക്കു നൽകുന്നതു പോലെയുള്ള ഇളവുകൾ ഈ മേഖലയ്ക്കും നൽകണം.

നിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ധനസഹായം നൽകണം. കളിമണ്ണ് യഥേഷ്ടം ലഭ്യമാക്കാനും നടപടികൾ ഉണ്ടാവണം. ശ്രദ്ധ കിട്ടുന്ന സ്ഥലങ്ങളിൽ കൂടുതൽ വിപണന യുണിറ്റുകളും തുടങ്ങണം. സർക്കാർ തലത്തിൽ ചെയ്യാൻ കഴിയുന്ന നിരവധി കാര്യങ്ങളുണ്ട്. കളിമണ്ണ് ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോവാനുള്ള തടസ്സം നീക്കുക, മണ്ണിൽ ചേർക്കാനുള്ള മണൽ, പാത്രങ്ങൾ ചുട്ടെടുക്കാനുള്ള വിറക് മുതലായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക, വിപണനത്തിന് ജില്ലാ - ബ്ലോക്ക് - പഞ്ചായത്ത് തലങ്ങളിൽ പ്രദർശന ശാലകളും വില്പനശാലകളും തുടങ്ങുക, സർക്കാർ മുൻ




കൈയെടുത്ത് പ്രദർശനങ്ങൾ സംഘടിപ്പിക്കുക, മറ്റുള്ള പ്രദർശന ശാലകളിൽ മൺപാത്രങ്ങൾക്കും സൗകര്യം ഒരുക്കുക - അങ്ങനെ പലതും. മണ്ണുൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ കഴിഞ്ഞാൽ ഈ രംഗത്ത് വലിയ മാറ്റം വരും.

വിദേശ രാജ്യങ്ങളിൽ കളിമൺ ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി സാധ്യതയുണ്ട്.

ആധുനികവൽക്കരണത്തിന്റെ കാര്യം നേരത്തേ പറഞ്ഞു. അതോടൊപ്പം വൈവിധ്യവൽക്കരണവും വേണം. സർക്കാരിന്റെ സഹായമില്ലാതെ അത് നടക്കുകയില്ല. മൺപാത്ര നിർമാണ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക, കളിമൺ പാത്രത്തിൽ അടങ്ങിയ മൂലകങ്ങളെ പറ്റി പഠിക്കുക - അതിനുള്ള പരീക്ഷണശാലകൾ തുടങ്ങുക, കളിമൺ പാത്രങ്ങളിൽ ഭക്ഷണം പാകംചെയ്യുമ്പോൾ രുചിയും ഗുണവും കൂടുന്നത് എന്തുകൊണ്ടാണെന്ന് ശാസ്ത്രീയമായി തെളിയിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക - അങ്ങനെ പല കാര്യങ്ങളുണ്ട്.

സർക്കാർ ഓഫിസുകളിൽ മൺകൂജകൾ ഉപയോഗിക്കാൻ നിർദ്ദേശിക്കണം. പരിസ്ഥിതിക്കു ദോഷമുണ്ടാക്കുന്ന ഗ്രോ-ബാഗിനു പകരം, കൃഷിഭവനുകൾ മൺചട്ടികൾ വിതരണം ചെയ്യണം. ഇക്കോ-ഫ്രണ്ട്‌ലിയാവുക എന്നു പറഞ്ഞാൽ പോരാ. അത് പ്രവൃത്തിയിൽ കാണിക്കണം. കാർഷിക സർവകലാശാലകളിൽ വിത്ത് മുളപ്പിക്കാൻ മൺചട്ടികൾ ഉപയോഗിക്കണം. സർക്കാർ കെട്ടിടങ്ങൾ അലങ്കരിക്കാൻ മണ്ണിന്റെ ചുമർ ചിത്രങ്ങളും അലങ്കാര പാത്രങ്ങളും ഉപയോഗിക്കണം. ജൈവപച്ചക്കറിക്കു വേണ്ടിയുള്ള ക്യാംപെയിൻ ജൈവ ജീവിതമെന്ന ലക്ഷ്യത്തിലേക്ക് മാറണം. ജൈവ പച്ചക്കറിയും മൺപാത്രവുമെന്ന മുദ്രാവാക്യവുമായി ഗവൺമെന്റ് ലോഗോ ഇറക്കണം. പച്ചക്കറി വിഷരഹിതമായാൽ പോരാ. അത് വിഷരഹിതമായ പാത്രങ്ങളിൽ പാകം ചെയ്യുക കൂടി വേണം.

കൂടുതൽ ഗൗരവമുള്ള ആലോചനകൾ ഈ രംഗത്ത് ഉണ്ടാവണം.

ഒരുകളിമൺ പാത്ര-കരകൗശല കലാശാല സ്ഥാപിക്കാൻ കഴിഞ്ഞാൽ അത് വരും തലമുറകൾക്ക് ഒരു മുതൽക്കൂട്ടായിരിക്കും.

**മൺപാത്രങ്ങൾ ഉണ്ടാക്കി വിറ്റും മണ്ണു കൊണ്ട് രൂപങ്ങളും ശിൽപ്പങ്ങളും ഉണ്ടാക്കിയും ജീവിക്കുന്ന ഒരാളാണല്ലോ താങ്കൾ? സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കാമോ?**

കളിമൺപാത്ര നിർമ്മാണം കുലത്തൊഴിലാക്കിയ കുംഭാര സമുദായത്തിൽ പെട്ട ആളാണ് ഞാൻ. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ നിന്നും ബിഎ കഴിഞ്ഞതിനു ശേഷം ഒരു കളിമൺ പാത്ര-കരകൗശല വസ്തു നിർമ്മാണ സൊസൈറ്റി രൂപീകരിച്ചു. അന്ന് ഞാൻ ഈ തൊഴിൽ പഠിച്ചിരുന്നില്ല; അച്ഛന്റെ പിൻബലത്തിലാണ് സൊസൈറ്റി രൂപീകരിച്ചത്. സൊസൈറ്റി പ്രവർത്തനം തുടങ്ങി പത്തു ദിവസം കഴിഞ്ഞപ്പോൾ അച്ഛൻ ഹാർട്ട് അറ്റാക്ക് വന്ന് മരിച്ചു.

സൊസൈറ്റിയുടെ പ്രവർത്തനം ഞാൻ ഒര വിധം മുന്നോട്ടു കൊണ്ടുപോയി. ആറുമാസത്തോളം ആളെ വച്ച് പണിയെടുപ്പിച്ചു.

നഷ്ടമായിരുന്നു ഫലം. തുച്ഛമായ ആനുകൂല്യങ്ങൾ മാത്രമുള്ള ഒരു സംരംഭമായിരുന്നു എന്റേത്. ലാഭനഷ്ടങ്ങൾ കണക്കാക്കാതെ പണിയെടുപ്പിച്ചതു ,കൊണ്ട് നല്ലൊരു സംഖ്യ കടം വന്നു. ഈ കടവും അച്ഛന്റെ മരണവും, പഠിച്ചിട്ടു ജോലി കിട്ടാത്തതിന്റെ നിരാശയും കൂടിയായപ്പോൾ ഞാൻ മാനസികമായി തകർന്നു. ആ സമയത്തു രണ്ടു കുട്ടികളുടെ അച്ഛനുമായിരുന്നു. അമ്മ കലം വിറ്റ് കൊണ്ടു വരുന്ന ചെറിയ വരുമാനം കൊണ്ട് പട്ടിണിയായില്ലാതെ കഴിഞ്ഞു.

കുറച്ചു കാലം എന്തു ചെയ്യണമെന്നറിയാതെ അലഞ്ഞു നടന്നു. കുലത്തൊഴിൽ തന്നെയാണ് പിടിവള്ളിയെന്ന് എനിക്കു തോന്നിത്തുടങ്ങി.

**ശേഷം പേജ് 22**

ചിത്രങ്ങൾ: വിൻസന്റ് പീറ്റർ

കവിത



# മലിനമാക്കല്ലേ

കുഞ്ഞപ്പ പട്ടാന്നൂർ

വിളഭൂമി വിണ്ണുനോക്കി
നിലവിളിക്കുന്നു
വിളകളായ വിളകളെല്ലാം
നിലവിളിക്കുന്നു
മലിനമാക്കല്ലേ,
മണ്ണ് മലിനമാക്കല്ലേ!

മഴമേഘം കണ്ണീരുകൾ
പെയ്തലയ്ക്കുന്നു
മലിനമാക്കല്ലേ,
മലകളൊന്നും മലിനമാക്കല്ലേ!

മലകളിന്ന് നെഞ്ചിടിഞ്ഞ്
നിലം പരിശാവുന്നു
മലിനമാക്കല്ലേ,
പുഴകളൊന്നും മലിനമാക്കല്ലേ!

കാവുതോറും കോമരങ്ങൾ
വാളെടുത്ത് തുള്ളിയാർക്കുന്നു
കന്നിമണ്ണിൽ തെയ്യങ്ങൾ
ചോപ്പുടുത്തു തോറ്റമാടുന്നു
മലിനമാക്കല്ലേ,
കാവുകളെ മലിനമാക്കല്ലേ!
മലിനമാക്കല്ലേ,
തോപ്പുകളെ മലിനമാക്കല്ലേ!

നാട്ടകങ്ങളിൽ, നടവരമ്പിൽ
നാട്ടുനന്മകൾ ചെളികലങ്ങിയും
നാട്ടുപൊലിമകൾ നടുവൊടിഞ്ഞും
നാടു നീങ്ങുമ്പോൾ
നെഞ്ചുപൊള്ളും നാട്ടുമക്കൾ
നെഞ്ചുണർന്നു പാടുന്നു.
മലിനമാക്കല്ലേ,
നാട്ടുനന്മകൾ
നാട്ടുപൊലിമകൾ
മലിനമാക്കല്ലേ!





കോലത്തുവയലുകളിൽ[1]
കന്നിമാസക്കതിരുകളായ്
തുമ്പികൾ തുള്ളുന്നു
മലിനമാക്കല്ലേ,
കന്നികളും കതിരുകളും
മലിനമാക്കല്ലേ!

കണ്ണവം കാടുകളിൽ[2]
പൂത്തുണരും പൂവുകളായ്
പുലരികൾ പാടുന്നു
മലിനമാക്കല്ലേ,
പൂവുകളും പുലരികളും
മലിനമാക്കല്ലേ!

ഒന്നിച്ചൊന്നിച്ചൊരു പൂവിളിയായ്
ഒന്നിച്ചൊന്നിച്ചൊരു പടവിളിയായ്
നാവോറുകൾ പാടുന്നു
നാട്ടകങ്ങൾ പാടുന്നു
മലിനമാക്കല്ലേ,
നാട്ടുനന്മകൾ
നാട്ടുപൊലിമകൾ
മലിനമാക്കല്ലേ!

*കണ്ണൂർ ജില്ലാ ശുചിത്വമിഷൻ കഴിഞ്ഞ വർഷം സംഘടിപ്പിച്ച ശുചിത്വ സെമിനാറിൽ അവതരിപ്പിക്കപ്പെട്ട സംഘഗാനമാണ് ഈ പാട്ടുകവിത*

കുറിപ്പുകൾ: 1) കോലത്തുവയലുകളിൽ: കോലത്തിരിനാടു വാണിരുന്ന കാലത്ത് നിലനിന്നിരുന്ന വിസ്തൃതമായ പാടശേഖരം. (പുലരാൻ കാലത്ത് കാൽനടയായി യാത്രപുറപ്പെട്ടാൽ അന്തിമയങ്ങാൻ നേരത്തു മാത്രം മറുകരയെത്താൻ പറ്റുമാറ് അത്രയും വിസ്തൃതമായിരുന്നു കോലത്തുവയൽ എന്നാണ് പഴമക്കാർ പറയുന്നത്).
2) കണ്ണവം കാടുകളിൽ: പഴശ്ശിരാജ ബ്രിട്ടീഷുകാർക്കെതിരെ ഒളിപ്പോർ യുദ്ധത്തിന് തെരെഞ്ഞെടുത്ത സങ്കേതങ്ങളിൽ ഒന്നാണ് കണ്ണവം കാടുകൾ.

കളിമൺ പാത്രനിർമ്മാണം പഠിക്കാനുള്ള എന്റെ ആഗ്രഹത്തെ കുടുംബത്തിലെ മുതിർന്ന ആരും തന്നെ പിന്തുണച്ചില്ല. അതിൽ കാര്യവുമുണ്ട്. ഈ തൊഴിൽ ചെറുപ്പം തൊട്ട് പഠിച്ചാലേ കൈ വഴങ്ങുകയുള്ളൂ എന്നാണ് വയ്പ്. കൈ വഴങ്ങാതെ മൺപാത്രങ്ങൾ നിർമ്മിക്കാൻ സാധ്യമല്ല. അൽപ്പം ബുദ്ധിമുട്ടിയാലും തൊഴിൽ പഠിക്കണമെന്ന് ഞാൻ ഉറപ്പിച്ചു.

അങ്ങനെയാണ് ഞാൻ പരിശീലനം തുടങ്ങിയത്. രാത്രികളിൽ ഏറെ സമയം ഇതിനു വേണ്ടി ചെലവഴിച്ചു. ഏതാനും മാസങ്ങൾ കൊണ്ട് തൊഴിൽ പഠിച്ചു. കൂജകളും ജഗുകളും ഫ്ളവർ പോട്ടുകളും മറ്റുമാണ് ആദ്യം ഉണ്ടാക്കിയത്. ആ ഉൽപ്പന്നങ്ങൾ ഐആർഡിപി മേളയിൽ പ്രദർശിപ്പിച്ചു.

ആയിടയ്ക്ക് ആകാശവാണിയിലെ വയലും വീടും പരിപാടിയിൽ എന്റെ അഭിമുഖം പ്രക്ഷേപണം ചെയ്തു. ഈ വക കാര്യങ്ങളെ ഗൗരവത്തോടെ കാണുന്ന കുറേ പേർ ആ പരിപാടി ശ്രദ്ധിച്ചു.

അന്നു ലഭിച്ച പ്രോത്സാഹനമാണ് കുലത്തൊഴിലിൽ ഉറച്ചു നിൽക്കാൻ എനിക്ക് ധൈര്യം തന്നത്. ഈ തൊഴിലിന് പുതിയ ദിശാബോധം നൽകണമെന്ന ചിന്തയിൽ ഞാനെത്തി. അതിന്റെ പ്രചാരകനായി മാറണമെന്ന് ഞാൻ ആഗ്രഹിച്ചു. പ്രദർശനങ്ങളും വില്പനകളും നിർമ്മാണ പ്രവർത്തനവുമായി പിന്നെയും കുറച്ചു കാലം മുന്നോട്ടുപോയി. ദ ഹിന്ദു മുതലായ പത്രങ്ങളും ഏഷ്യാനെറ്റ്, കൈരളി, ഇന്ത്യാവിഷൻ തുടങ്ങിയ ചാനലുകളും എനിക്ക് പ്രോത്സാഹനം തന്നു. ഓരോ സ്റ്റോറി വരുമ്പോഴും കുറേ പേർ വന്ന് നല്ലതു പറയും; കുറച്ചധികം ഓർഡറുകളും കിട്ടും. സ്റ്റോറി ആളുകൾ മറക്കുന്നതോടെ കാര്യങ്ങൾ പഴയപടിയാവും. മൺപാത്രം നല്ലതാണെന്ന് ആളുകൾക്ക് മാധ്യമങ്ങൾ പറഞ്ഞു കൊടുക്കേണ്ട സ്ഥിതിയാണിന്ന്.

**മൺപാത്രങ്ങൾ വർഷങ്ങളോളം പൊട്ടാതെ വളരെ ശ്രദ്ധയോടെ ഉപയോഗിച്ച ഒരു തലമുറ ഇവിടെ ഉണ്ടായിരുന്നു. അവർക്ക് ജീവിത ശൈലീ രോഗങ്ങളും കുറവായിരുന്നു. ഇന്ന് ആ സാഹചര്യം മാറി. നമുക്ക് ഒന്നിനും സമയമില്ല.**

ഈ തൊഴിലിന്റെ മാന്യതയും മഹത്വവും മനസ്സിലാക്കുന്ന കുറേ പേർ സമൂഹത്തിലുണ്ടെന്ന് ഈ മാധ്യമ റിപ്പോർട്ടുകളോടുള്ള പ്രതികരണങ്ങൾ എനിക്ക് മനസ്സിലാക്കിത്തന്നു. ഇവരുടെ പിന്തുണയും സുഹൃത്തുക്കളുടെ പ്രോത്സാഹനവും തന്ന ആത്മവിശ്വാസം കൊണ്ടു മാത്രമാണ് ഞാൻ കളിമൺ ചുമർചിത്ര രചനയിലേക്ക് കടന്നുവന്നത്. അക്കാദമിക പഠനമില്ലാതെ, പാരമ്പര്യമായി കിട്ടിയ ക്ഷമയും അധ്വാനവും കൊണ്ടാണ് ഞാൻ ചുമർചിത്രകാരനായത്. വായനയും നിരീക്ഷണവും ഏറെ സഹായിച്ചു. ഗാന്ധിജിയുടെ ദണ്ഡിയാത്ര മുതൽ ക്രിസ്തുവിന്റെ ലാസ്റ്റ് സപ്പർ വരെ ഞാൻ കളിമണ്ണിൽ ചെയ്തിട്ടുണ്ട്. ആദ്യമായി കഥകളി രൂപമായിരുന്നു ചെയ്തത്.



ചിത്രം: വിൻസന്റ് പീറ്റർ

അതിനു ശേഷം കളിമൺ ആഭരണ നിർമ്മാണം പഠിച്ചു. പക്ഷെ കളിമൺ ആഭരണങ്ങൾ ധരിക്കുന്നതിൽ കേരളീയർ വളരെ പിറകിലാണ്. മറ്റു സംസ്ഥാനങ്ങളിൽ കുറെയൊക്കെ ആളുകൾ ഇപ്പോഴും ഇത് ഉപയോഗിക്കുന്നുണ്ട്. വിദേശികൾക്കാണ് കളിമൺ ആഭരണങ്ങളോട് കൂടുതൽ താല്പര്യം.


**ഈ തൊഴിലിൽ നിന്നു കിട്ടിയ മറക്കാനാവാത്ത ഏതാനും അനുഭവങ്ങൾ പറയാമോ?**

ഇതെന്റെ കുലത്തൊഴിലാണ്. ഈ തൊഴിൽ എനിക്ക് ജീവിതം തന്നു; മറക്കാനാവാത്ത ധാരാളം അനുഭവങ്ങൾ തന്നു.

കാറ്റിലും മഴയിലും എക്സിബിഷൻ ടെന്റ് പൊളിഞ്ഞു വീണ് പാത്രങ്ങൾ ഒഴുകിപ്പോയത്, എറണാകുളത്ത് എക്സിബിഷന് പോയി ഒരു പാത്രം പോലും വിൽക്കാതെ തിരിച്ചു വന്നത്, ചുവന്ന കലത്തിനു മാർക്കറ്റില്ലാതെ വന്നപ്പോൾ അതേ കലം കറുപ്പിച്ചു കൊണ്ടു വന്ന് അതേ സ്റ്റാളിൽ വെച്ചു വിറ്റുതീർത്തത്, കടം കൂടിയപ്പോൾ കൊടകിലേക്കു നാടുവിട്ടത്, ആദ്യം തള്ളിപ്പറഞ്ഞ പലരും പിന്നീട് അഭിനന്ദിച്ചത്, എന്റെ വര കണ്ട് ഓർഡർ റദ്ദാക്കിയത്, കരഞ്ഞു കാലു പിടിച്ചു വീട്ടിൽ കൊണ്ടു വന്ന് വർക്ക് കാണിച്ചു കൊടുത്ത് അതേ ഓർഡർ തിരികെ പിടിച്ചത്, അതേ വർക്കിന് പറഞ്ഞുറപ്പിച്ചതിലും കൂടുതൽ തുക തന്നത്, വർക്ക് നന്നാവാത്തതിനാൽ പൊളിച്ച് വീണ്ടും ചെയ്തു കൊടുത്തത്, വീടിനടുത്തുള്ള കോളേജിൽ സംഘടിപ്പിച്ച ടെറാക്കോട്ട ക്യാമ്പിൽ പ്രമുഖനായ ഡയറക്ടർ വെള്ളമടിച്ച് ആശുപത്രിയിലായപ്പോൾ, മണ്ണും മറ്റു സാമഗ്രികളും ഒരുക്കാൻ വിളിച്ച എന്നെ ഡയറക്ടറാക്കി ക്യാമ്പ് നടത്തിയത് - അങ്ങനെ പലതും.

ഞാൻ ചെയ്തുകൊടുത്ത ചുമർ ചിത്രത്തിന്റെ മുന്നിലിരുന്നു ഒരാൾ പ്രാർത്ഥിച്ചത് അറിഞ്ഞപ്പോഴുണ്ടായ സന്തോഷം ഓർമിക്കുന്നു.

ജ്ഞാനിയായ സ്വാമി നിർമ്മലാനന്ദ ഗിരി മൺ പാത്രത്തിന്റെ മഹത്വത്തെപ്പറ്റി ധാരാളം പറഞ്ഞിട്ടുണ്ട്.●




# കേരള വികസനം
# നേട്ടങ്ങൾക്കടിത്തറ ഭൂപരിഷ്കരണം

പ്രൊഫ. കെ. എൻ. ഗംഗാധരൻ

1956-ൽ ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപം കൊണ്ടു. മലയാളികൾ ഒന്നായി. പക്ഷെ സാമ്പത്തികമായും സാമൂഹികമായും ജനങ്ങൾ പല തട്ടുകളിൽ തുടർന്നു. ഭൂമിയായിരുന്നു സംസ്ഥാനത്തെ പ്രധാന സമ്പത്ത്. കൃഷി ജനങ്ങളുടെ പ്രധാന തൊഴിലും. എല്ലാവർക്കും ഭൂമി ഇല്ലായിരുന്നു. കൃഷി ചെയ്യാൻ പോയിട്ട് കയറിക്കിടക്കാൻ ഒരു തുണ്ടു ഭൂമി പോലും ഇല്ലാത്തവരായിരുന്നു ഭൂരിപക്ഷം. ഭൂമി ജന്മികൾ കൈവശം വച്ചനുഭവിച്ചു പോന്നു. കുടിയാന്മാർ കടുത്ത ചൂഷണത്തിനു വിധേയരായിരുന്നു. അന്യായ പാട്ടവും മറ്റ് അനധികൃത പിരിവുകളും അവരുടെ മേൽ അടിച്ചേല്പിക്കപ്പെട്ടിരുന്നു. കേരള സംസ്ഥാന രൂപീകരണത്തിനു മുമ്പു തന്നെ പുരോഗമന സംഘടിത പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ ചൂഷണത്തിനെതിരെ അനവധി സമരങ്ങൾ നടന്നു. കൃഷി ഭൂമി കൃഷിക്കാരന് എന്നതായിരുന്നു സമരങ്ങളിലെ മുഖ്യ മുദ്രാവാക്യം. ഈ സമരങ്ങൾക്ക് കരുത്തും നേതൃത്വവും നൽകിയവരാണ് ഒന്നാം കേരള നിയമസഭയിലേക്കു മത്സരിച്ചത്. അവർ തെരഞ്ഞെടുപ്പിൽ വിജയികളായി. അങ്ങനെ ആദ്യത്തെ മന്ത്രിസഭ അധികാരത്തിലെത്തി.

സർക്കാർ അധികാരമേറ്റ് ആദ്യം ചെയ്തത് കുടിയൊഴിപ്പിക്കൽ നിരോധിച്ച് കൊണ്ടുള്ള ഓർഡിനൻസ് ഇറക്കുകയായിരുന്നു. അത് ചരിത്ര പ്രാധാന്യമുള്ള നടപടിയായി. മറ്റു സംസ്ഥാനങ്ങളാകട്ടെ അത്തരം നടപടി സ്വീകരിക്കാൻ സന്നദ്ധമായില്ല. കേരളം അംഗീകരിച്ച ഓർഡിനൻസ് പിന്നീടു കൈക്കൊണ്ട ഭൂപരിഷ്കരണ നടപടികളെ അർത്ഥ പൂർണ്ണമാക്കി. ഭൂപരിഷ്കരണ നിയമം കരുപ്പിടിപ്പിക്കുക എളുപ്പമുള്ള പണിയായിരുന്നില്ല. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും നിലനിന്ന വിവിധ രീതിയിലുള്ള കുടിയായ്മ സമ്പ്രദായങ്ങൾ ഒരൊറ്റ നിയമത്തിനു കീഴിൽ കൊണ്ടുവരിക ദുഷ്കരമായ ജോലിയായിരുന്നു. അതിനു ധാരാളം സാവകാശം വേണ്ടിയിരുന്നു., ഭൂപരിഷ്കരണ നിയമം പാസ്സാക്കി പ്രസിഡന്റിന്റെ അംഗീകാരം നേടി നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കാനെടുക്കുന്ന കാലവിളംബം മുതലാക്കി ജന്മികൾ വൻതോതിൽ കുടിയൊഴിപ്പിക്കലും ഭൂമി കയ്യേറ്റവും ഭൂമിയുടെ കൈമാറ്റവും നടത്തുമായിരുന്നു. അത്തരമൊരു പരിസ്ഥിതി ഒഴിവാക്കാനായിരുന്നു കുടിയൊഴിപ്പിക്കൽ നിരോ



ധന ഓർഡിനൻസ് അംഗീകരിച്ചത്. മറ്റു സംസ്ഥാനങ്ങൾ ഇക്കാര്യത്തിൽ മടിച്ചുനിന്നതുമൂലം ഏക്കർ കണക്കിനു ഭൂമി കൈമാറ്റം ചെയ്ത് അന്യാധീനപ്പെട്ടു

പിന്നീട് നടപ്പാക്കിയ ഭൂപരിഷ്കരണം കേരളീയരുടെ ജനാധിപത്യബോധം വളർത്തുന്നതിൽ നിർണ്ണായകമായ പങ്കാണ് വഹിച്ചത്. ജനാധിപത്യ അവകാശങ്ങൾക്കു വേണ്ടി നടത്തിയ സമരങ്ങളും ഭൂപരിഷ്കരണവും പരസ്പരം ശക്തിപ്പെടുത്തി എന്നു പറയുന്നതാവും ശരി. സമരങ്ങൾ ഭൂപരിഷ്കരണം വേഗതയിലാക്കി. ഭൂപരിഷ്കരണം ജനാധിപത്യം ശക്തിപ്പെടുത്തി. ഭൂപരിഷ്കരണമില്ലായിരുന്നെങ്കിൽ ലക്ഷക്കണക്കിനു പട്ടികജാതി - പട്ടികവർഗ്ഗക്കാരുടെയും ആദിവാസികളുടേയും പിന്നോക്കക്കാരുടെയും മറ്റു ജനവിഭാഗങ്ങളുടെയും ജീവിതം അടിമതുല്യമായി തുടരുമായിരുന്നു. സമൂഹത്തിലെ ഇതര ജനവിഭാഗങ്ങൾക്കൊപ്പം തലയുയർത്തി നില്ക്കാനും അവകാശങ്ങൾ ചോദിച്ചുവാങ്ങാനും ജനങ്ങളെ പ്രാപ്തരാക്കിയത് ഭൂപരിഷ്കരണമാണ്. ഭൂപരിഷ്കരണം കൂടുതൽ നീതിനിഷ്ഠമായ പുതു സമൂഹത്തിന്റെ സൃഷ്ടിക്ക് അടിത്തറ പാകി. ലക്ഷക്കണക്കിനു കുടികിടപ്പുകാരും കർഷകത്തൊഴിലാളികളും സ്വന്തം ഭൂമിക്കു ഉടമകളായി. ഈ അടിത്തറയിൽ നിന്നാണ് രാജ്യത്തിനു മാതൃകയായ സാമൂഹിക വികസന നേട്ടങ്ങളിലേക്ക് കേരളം മുന്നേറിയത്. പ്രതീക്ഷിത ആയുർദൈർഘ്യം, സ്ത്രീപുരുഷ അനുപാതം, ശിശു മരണനിരക്ക്, സാക്ഷരത തുടങ്ങിയ സൂചികകൾ വച്ച് കേരളത്തിന്റെ നേട്ടങ്ങൾ ലോകമറിഞ്ഞു.

കേരളത്തിലെ ജാതിവ്യവസ്ഥയുടെ അടിത്തറയിളക്കിയത് ഭൂപരിഷ്കരണമാണ്. ജന്മി-നാടുവാഴിത്തമാണ് ജാതിവ്യവസ്ഥയുടെ അടിത്തറ. ജന്മിത്തം തകർന്നതോടെ ജാതി വ്യവസ്ഥ ദുർബലപ്പെട്ടു. സവർണ്ണ ജാതിക്കാരായിരുന്നു ഭൂവുടമകൾ. ഓരോ ജാതിയുടേയും സ്ഥാനം നിർണ്ണയിച്ചിരുന്നത് സവർണ്ണ ജന്മികളായിരുന്നു. ശുദ്ധി- അശുദ്ധി വ്യത്യാസം നിർണ്ണയിച്ചതും അവരായിരുന്നു. ക്ഷത്രിയൻ നമ്പൂതിരിമാരിൽ നിന്ന് 12 അടി മാറി നിൽക്കണം. നായർ 24 അടിയും, കമ്മാളൻ 36 അടിയും ഈഴവൻ 48 അടിയും പറയൻ 60 അടിയും മാറി നടക്കണം എന്ന ആചാരത്തിന് യാതൊരു ശാസ്ത്രീയാടിത്തറയുമില്ല; നമ്പൂതിരി ജന്മികളുടെ മേധാവിത്തം നിലനിർത്തുന്നതൊഴികെ. താഴ്ന്ന ജാതിക്കാരോട് ജന്മികൾ അനുവർത്തിച്ചിരുന്ന സമീപനം സംബന്ധിച്ച് സാമുവൽ മറ്റീറിന്റെ 'ഞാൻ കണ്ട കേരളം' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. വിവേചനത്തിന്റെയും ചൂഷണത്തിന്റെയും അനവധി ഉദാഹരണങ്ങൾ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നുണ്ട്.

ജാതീയമായ അനാചാരങ്ങളെയും വിവേചനങ്ങളെയും ദുർബലപ്പെടുത്തുന്നതിൽ നവോത്ഥാന നായകരുടെ പങ്ക് നിസ്തുലമാണ്. ജാതിയുടെ അടിത്തറ ജന്മിത്തമാണ്. ആ ജന്മിത്തത്തെയാണ് ഭൂപരി

**കേരളത്തിലെ ജാതിവ്യവസ്ഥയുടെ അടിത്തറയിളക്കിയത് ഭൂപരിഷ്കരണമാണ്. ജന്മി–നാടുവാഴിത്തമാണ് ജാതിവ്യവസ്ഥയുടെ അടിത്തറ. ജന്മിത്തം തകർന്നതോടെ ജാതി വ്യവസ്ഥ ദുർബലപ്പെട്ടു.**



ഷ്കരണം കൊണ്ട് തകർത്തെറിഞ്ഞത്.

ജന്മിത്ത ഉത്പാദന ബന്ധത്തിന്റെ ഭാഗമാണ് ജാതീയ ഉച്ചനീചത്വം. ഒരു ഉത്പാദന വ്യവസ്ഥ (ജന്മിത്തം) തകർന്നാലും ആ വ്യവസ്ഥ രൂപപ്പെടുത്തിയ ഉത്പാദന ബന്ധങ്ങൾ അപ്പാടെ മാറുകയില്ല. ഇതൊരു ചരിത്ര യാഥാർത്ഥ്യമാണ്. ജന്മിത്തം തകർന്നാലും ജാതീയതയുടെ അവശിഷ്ടങ്ങൾ തുടരും എന്നാണ് ഇപ്പറഞ്ഞതിനർത്ഥം. അത്തരം അവശിഷ്ടങ്ങളെ തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക നേട്ടങ്ങൾക്കുപയോഗിക്കാൻ പുത്തൻ പണക്കാർ ശ്രമിക്കും. അവർ ജാതീയ ചിഹ്നങ്ങളെ പരിപോഷിപ്പിക്കാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. കേരളത്തിലെ ജാതി സംഘടനകൾ ചെയ്യുന്നതും മറ്റൊന്നല്ല.

ജാതീയമായ ചേരിതിരിവുകൾ ഭൂപരിഷ്കരണത്തോടെ പൂർണ്ണമായും ഇല്ലാതാകുന്നില്ല എന്നാണ് ഈ പറഞ്ഞതിനർത്ഥം. ഭൂപരിഷ്കരണത്തിൽ നിന്നും സാമൂഹ്യവ്യവസ്ഥ മുന്നോട്ടുകുതിക്കണം. വ്യവസായ വത്കരണം ശക്തിപ്പെടണം. ഭൂപരിഷ്കരണവും വ്യവസായവത്ക്കരണവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. വ്യവസായവത്ക്കരണത്തിന്റെ അടിത്തറയാണ് ഭൂപരിഷ്കരണം. പക്ഷെ, ഭൂപരിഷ്കരണം കൊണ്ടു മാത്രം വ്യവസായ വത്ക്കരണം നടക്കുകയില്ല. കേരളത്തിൽ ഭൂപരിഷ്കണം നടപ്പായി, ജന്മിത്തം ഇല്ലാതായി. പക്ഷെ വ്യവസായവത്ക്കരണം ഉണ്ടായില്ല. അതിന് സാമ്പത്തികവും സാമ്പത്തികേതരവുമായ കാരണങ്ങളുണ്ട്.

സമൂഹത്തെ കൂടുതൽ സമത്വപൂർണ്ണമാക്കും എന്നതു മാത്രമല്ല ഭൂപരിഷ്കരണത്തിന്റെ ഫലം. തീർച്ചയായും അതു പ്രധാനമാണ്. പ്രാഥമികമാണ്. സമത്വം പ്രദാനം ചെയ്യാത്ത സാമ്പത്തിക വികസനം സാമ്പത്തിക കേന്ദ്രീകരണത്തിലേക്കേ നയിക്കുകയുള്ളൂ. മാത്രവുമല്ല സാമ്പത്തിക കേന്ദ്രീകരണം ജനങ്ങളുടെ വാങ്ങൽക്കഴിവ് അപഹരിച്ച് വികസനത്തെ തടസ്സപ്പെടുത്തുകയും ചെയ്യും. സമത്വവും വികസനവും അഥവാ സാമൂഹ്യനീതിയും വികസനവും പരസ്പര പൂരകങ്ങളാണ്. സാമൂഹ്യനീതി ജനങ്ങളുടെ വാങ്ങൽ ശേഷി വളർത്തി വികസന ശ്രമങ്ങളെ ഉത്തേജിപ്പിക്കും.

ഭൂപരിഷ്കരണത്തിന്റെ ആദ്യ ദശകങ്ങളിൽ കാർഷികോത്പാദനം ഗണ്യമായി ഉയർന്നതായി സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നു. പക്ഷെ ആ വളർച്ച തുടർ വർഷങ്ങളിൽ നിലനിർത്താനായില്ല.

ഭൂപരിഷ്കരണം കാർഷികാഭിവൃദ്ധിയുടെ അവസാന വാക്കല്ല. ഭൂപരിഷ്കരണത്തോടൊപ്പം കാർഷിക പരിഷ്കരണവുമുണ്ടാകണം. കാർഷിക പരിഷ്കരണം വിപുലമായ പദ്ധതിയാണ്. കാർഷികാഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള സർക്കാർ ഇടപെടലാണ് അതിന്റെ അന്ത:സത്ത. കാർഷിക സാങ്കേതിക വിദ്യകളുടെ വ്യാപനം ഉത്പാദന ശേഷിയുള്ള വിത്തുകളുടെ വിതരണം, വെള്ളം, വളം, വായ്പ എന്നിവയുടെ ലഭ്യത, വിപണനസൗകര്യം, ഉത്പന്ന വില സ്ഥിരത തുടങ്ങിയവ അടങ്ങുന്ന സമഗ്ര പാക്കേജ് ഉൾക്കൊള്ളുന്നതാണ് കാർഷിക പരിഷ്കരണം. ഇവയുടെ അഭാവം, കൃഷി ലാഭകരമല്ലാതാക്കും. ഭൂമി ഈ പശ്ചാത്തലത്തിൽ വില്പന ചരക്കായി മാറും. കൃഷി ലാഭകരമല്ലാതെ തുടരുകയും റിയൽ എസ്റ്റേറ്റ് വ്യവസായം തഴച്ചു വളരുകയും ചെയ്യുമ്പോൾ, ഭൂമി വില്പനച്ചരക്കാകും. കിട്ടിയ വിലയ്ക്ക് ഭൂമി കൈമാറ്റം നടത്തി കൃഷിക്കാർ ഉൾനാടുകളിലേക്ക് വലിയും. അത്തരമൊരു പരിതസ്ഥിതി സംസ്ഥാനത്തുണ്ട്. ഇതിനു തടയിടുക എളുപ്പമല്ല; പക്ഷേ സാദ്ധ്യമാണ്.



**ഭൂപരിഷ്കരണത്തിന്റെ ആദ്യ ദശകങ്ങളിൽ കാർഷികോത്പാദനം ഗണ്യമായി ഉയർന്നതായി സ്ഥിതിവിവര കണക്കുകൾ വ്യക്തമാക്കുന്നു. പക്ഷെ ആ വളർച്ച തുടർ വർഷങ്ങളിൽ നിലനിർത്താനായില്ല.**

കേരളത്തിന്റെ പ്രശ്നം, നിക്ഷേപിക്കാൻ ജനങ്ങളുടെ കൈവശം പണമില്ലാത്തതല്ല. നിക്ഷേപം നടക്കുന്നില്ല എന്നതാണ്. പകരം പണം, ബാങ്കു നിക്ഷേപമായും സ്വർണ്ണാഭരണങ്ങളായും ഫ്ളാറ്റുകളായും മാറ്റപ്പെടുകയാണ്. വിശദമായി വിശകലനം ചെയ്ത് കാരണങ്ങൾ കണ്ടുപിടിക്കേണ്ട വിഷയമാണിത്. ഉത്പാദന - വിപണന പ്രവർത്തനങ്ങളിൽ മൂലധനം നിക്ഷേപിച്ച് ലാഭമുണ്ടാക്കുന്നതിനെക്കാൾ സുരക്ഷിത നിക്ഷേപങ്ങളിൽ പണം നിക്ഷേപിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിക്കപ്പെടണം. കേവലമായ സാമ്പത്തിക യുക്തിയുടെ അടിസ്ഥാനത്തിൽ മാത്രം ഇതിന്റെ വിശദീകരണം സാദ്ധ്യമല്ല.●

**ഗിഫു മേലാറ്റൂർ**

'ആരംഗം സർവ്വമാച്ഛാദിതമഹഹ
ചിരാത്കാലമാം ജാലവിദ്യ-
ക്കാരൻ തൻ പിംഛികോച്ചാലന
മുലകിൽ വരുത്തില്ല എന്തെന്തു മാറ്റം.
നേരമ്പോക്കെത്ര കണ്ടു ഭവതി
ഇഹ പദം തോറുമെന്തൊക്കെ മേലിൽ
സ്വൈരം കാണും ത്രിലോക പ്രഥിത
നദി നിളാ ദേവി നിത്യം നമസ്തേ...'

- മഹാകവി വള്ളത്തോൾ ഭാരതപ്പുഴയെ സ്തുതിച്ചു കൊണ്ട് എഴുതിയ വരികളാണിവ. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഭാരതപ്പുഴയോളം സ്ഥാനമുള്ള വേറെ നദികളില്ല എന്നു തന്നെ പറയാം.

ചരിത്രപ്രസിദ്ധമായ മാമാങ്കത്തിന് വേദിയായിരുന്ന തിരുനാവായ ഭാരതപ്പുഴയുടെ തീരത്താണ്. മലപ്പുറം ജില്ലയിലെ തിരൂരിന് ഏഴു കിലോമീറ്റർ തെക്കു മാറിയാണ് ചരിത്രത്തിലും മിത്തുകളിലും ഒരു പോലെ പ്രസിദ്ധമായ തിരുനാവായ. എ.ഡി 829 മുതൽ 1755 വരെ, ഓരോ പന്ത്രണ്ടു വർഷത്തിലും ഒരിക്കൽ, ഇവിടെ മാമാങ്കം അരങ്ങേറി. മാഘമാസത്തിലെ മകം നാളിലായിരുന്നു ആഘോഷം.

മാമാങ്കത്തിലെ രക്ഷാധികാരിയാകാൻ വേണ്ടി വള്ളുവക്കോനാതിരിയും സാമൂതിരിയും തമ്മിൽ യുദ്ധങ്ങൾ നടന്നു. വെട്ടിമരിച്ച ചാവേറുകളുടെ കഥകൾ വള്ളുവനാടിന്റെ ഐതിഹ്യങ്ങളോടു ചേർന്നു. ഐതിഹ്യ കഥാപാത്രങ്ങളായ മേഴത്തോൾ അഗ്നിഹോത്രിയും പാക്കനാരും ജീവിച്ചത് തൃത്താലയിലാണെന്ന് 'പറയിപെറ്റ പന്തിരുകുല'ത്തിൽ പറയുന്നു. നാറാണത്തു ഭ്രാന്തന്റെ



ചിത്രം: വിൻസന്റ് പീറ്റർ

രായിരനല്ലൂരും കരയ്ക്കലമ്മയുടെ കാരയ്ക്കാടും ഉപ്പുകൊറ്റന്റെ പൊന്നാനിയും ഭാരതപ്പുഴയുമായി ബന്ധപ്പെട്ട സ്ഥലങ്ങളാണ്. തുഞ്ചത്തെഴുത്തച്ഛനും കുഞ്ചൻ നമ്പ്യാരും മേൽപ്പത്തൂരും ഭാരതപ്പുഴയുടെ തീരത്താണ് ജനിച്ചു വളർന്നത്. ആഴ്വാഞ്ചേരി, കൂടല്ലൂർ, മേൽപ്പത്തുർ, പന്നിയൂർ, ശുകപുരം എന്നീ സ്ഥലനാമങ്ങളും കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ പ്രാധാന്യമുള്ളവയാണ്. പി. കുഞ്ഞിരാമൻ നായർ മുതൽ എം.ടി വാസുദേവൻ നായർ വരെയുള്ള മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരുടെ രചനകളിൽ ഭാരതപ്പുഴയെ കാണാം. കേരളത്തിൽ പുറത്തിറങ്ങിയ വടക്കൻ പാട്ടു ചിത്രങ്ങൾ ഏറിയ കൂറും ഭാരതപ്പുഴയും തീരപ്രദേശങ്ങളും പശ്ചാത്തലമാക്കിയാണ് ചിത്രീകരിച്ചത്. ‘അറിയപ്പെടാത്ത അത്ഭുതങ്ങൾ ഉള്ളിലൊളിപ്പിച്ച മഹാസമുദ്രങ്ങളെക്കാൾ എനിക്കിഷ്ടം ഞാനറിയുന്ന നിളയെയാണ്’ എന്ന് എം.ടി. പറയുന്നു. ഇതേ അടുപ്പം തന്നെയാണ് ശരാശരി മലയാളിക്ക് ഭാരതപ്പുഴയോട് തോന്നുന്നത്.

പുഴയോടു ബന്ധപ്പെട്ട ഐതിഹ്യങ്ങൾക്കും മിത്തുകൾക്കും കണക്കില്ല. പല ക്ഷേത്രങ്ങളിലെയും ആറാട്ട് പുഴക്കടവിലാണ്. പുഴയിലൂടെ ഒഴുകി വന്ന കുട്ടിയെ എടുത്തു വളർത്തി, ആ കുട്ടി വളർന്ന് ഇതിഹാസ പുരുഷനായി മാറുന്നത് ലോകത്തെവിടെയുമുള്ള നാടോടികഥകളിൽ കാണാം. സമാനമായ മിത്തുകൾ നമുക്കുമുണ്ട്. പാപം തീർക്കാനുള്ള പുണ്യസ്നാനം നദികളിലാണ്. പരേതാത്മാക്കൾക്കു വേണ്ടിയുള്ള കർമങ്ങൾക്കും പുഴകളോട് ബന്ധപ്പെട്ട പ്രത്യേക പ്രാധാന്യമുണ്ട്. പമ്പയും തിരുനെല്ലിയും ഓർമിക്കാം. കേരളത്തിലെ വൈവിധ്യമാർന്ന കൃഷിരീതികളും ജലസേചന സമ്പ്രദായവും തദ്ദേശീയ സംസ്കാരവും പുഴയും വയലുമായി ബന്ധപ്പെട്ടതാണ്. വെള്ളപ്പൊക്കത്തിൽ ഒഴുകി വന്ന എക്കലാണ് ആദ്യകാലത്ത് കൃഷിയുടെ സ്വഭാവം നിർണ്ണയിച്ചത്.

കേരളത്തിന്റെ ജലസമ്പന്നതയുടെയും കാർഷിക സമൃദ്ധിയുടെയും പ്രതീകമാണ് ഭാരതപ്പുഴ.

കേരളത്തെ ജലസമൃദ്ധമാക്കുന്ന 44 നദികളിൽ 41 എണ്ണം പടിഞ്ഞാറോട്ടും ഒരെണ്ണം കിഴക്കോട്ടും ഒഴുകുന്നു. നൂറു കിലോമീറ്ററിലധികം നീളമുള്ള പതിനൊന്ന് നദികൾ നമുക്കുണ്ട്. ഇതിൽ ഭാരതപ്പുഴയ്ക്കും പെരിയാറിനും മാത്രമേ 200 കി.മീറ്ററിൽ കൂടുതൽ നീളമുള്ളൂ. നീരൊഴുക്കിന്റെ കാര്യത്തിൽ കേരളത്തിലെ ഏറ്റവും വലിയ നദി, പേരു സൂചിപ്പിക്കുന്നതു പോലെ, പെരിയാറാണ്. എന്നാൽ, വൃഷ്ടിപ്രദേശവും നദിയുടെ വ്യാപ്തിയും വച്ചു നോക്കി



**പി. കുഞ്ഞിരാമൻ നായർ മുതൽ എം. ടി വാസുദേവൻ നായർ വരെയുള്ള മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരുടെ രചനകളിൽ ഭാരതപ്പുഴയെ കാണാം. കേരളത്തിൽ പുറത്തിറങ്ങിയ വടക്കൻ പാട്ടു ചിത്രങ്ങൾ ഏറിയ കൂറും ഭാരതപ്പുഴയും തീരപ്രദേശങ്ങളും പശ്ചാത്തലമാക്കിയാണ് ചിത്രീകരിച്ചത്.**

യാൽ, കേരളത്തിലെ നദികളിൽ ഭാരതപ്പുഴയ്ക്കാണ് ഒന്നാം സ്ഥാനം.

ഈ നദിയെ നിള, പേരാറ്, പൊന്നാനിപ്പുഴ എന്നിങ്ങനെ പല പേരുകളിൽ വിളിക്കാറുണ്ട്. പശ്ചിമഘട്ടത്തിൽ തമിഴ്നാട്ടിൽ ഉൾപ്പെട്ട ആനമലയിൽ നിന്ന് ഉത്ഭവിച്ച് കോയമ്പത്തൂർ ജില്ലയിലൂടെ ഒഴുകി കേരളത്തിലെ പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകൾ കടന്ന് അറബിക്കടലിൽ പതിക്കുന്ന നിളയുടെ സഞ്ചാര പഥത്തിന് 209 കി.മീറ്റർ ദൈർഘ്യമുണ്ട്.

ആനമലയിൽ നിന്ന് ഉത്ഭവിച്ച് പൊള്ളാച്ചി വരെ പുഴയ്ക്കു പേര് ' 'അമരാവതി' എന്നാണ്. പാലാറ്, അലിയാറ്, ഉപ്പാറ് എന്നിവ ചേർന്ന അമരാവതിപ്പുഴ കേരളത്തിന്റെ അതിർത്തിയായ പറളി വരെ കണ്ണാടിപ്പുഴ എന്നറിയപ്പെടുന്നു.

കണ്ണാടിപ്പുഴ (ചിറ്റൂർ പുഴ) കൂടാതെ, ഗായത്രിപ്പുഴ, കൽപ്പാത്തിപ്പുഴ, തൂതപ്പുഴ (കോരയാറ്) എന്നിവയും ഭാരതപ്പുഴയുടെ പ്രധാന പോഷകനദികളാണ്. മായന്നൂരിൽ വച്ച് ഭാരതപ്പുഴയുമായി ചേരുന്ന ഗായത്രിപ്പുഴയുടെ പോഷകനദികളാണ് മംഗലപ്പുഴ, അയലൂർപ്പുഴ, വണ്ടാഴിപ്പുഴ, മീനങ്കരയാറ്, ചുള്ളിയാറ് എന്നിവ. കൽപ്പാത്തിപ്പുഴ ജലസമൃദ്ധമാവുന്നത് കോരയാറ്, വരട്ടാറ്, വാളയാറ്, മലമ്പുഴ എന്നിവ കൂടി ചേരുമ്പോഴാണ്. കുന്തിപ്പുഴയും കാഞ്ഞിരപ്പുഴയും അമ്പൻകടവു പുഴയും തുപ്പനാട്ടു പുഴയും ചേരുമ്പോൾ തൂതപ്പുഴയും ജലസമ്പന്നമാകുന്നു. ഭാരതപ്പുഴയുടെ ഈ കൈവഴികൾ പതിനൊന്ന് താലൂക്കുകളിലായി വ്യാപിച്ചു കിടക്കുന്ന വിശാലമായ പ്രദേശത്തെ സസ്യങ്ങൾക്കും ജീവിജാലങ്ങൾക്കും ജീവജലമെത്തിക്കുന്നു.

മൂന്നു ജില്ലകളുടെ ജീവദായിനിയായ ഭാരതപ്പുഴയിലും അതിന്റെ കൈവഴികളിലുമായി പതിനെട്ടോളം അണക്കെട്ടുകളുണ്ട്. ഇതിനു പുറമേ, ചമ്രവട്ടവും വെള്ളിയാങ്കല്ലുമടക്കമുള്ള വലിയ തടയണകളും നിരവധി ചെറിയ തടയണകളും. മലമ്പുഴയാണ് ഭാരതപ്പുഴയിലെ എറ്റവും വലിയ അണക്കെട്ട്. മംഗലം, പോത്തുണ്ടി, ഗായത്രി, വാളയാർ, ചീരക്കുഴി, ചിറ്റൂർ, കാഞ്ഞിരപ്പുഴ, മീനങ്കര, ചുള്ളിയാർ എന്നിവ ഭാരതപ്പുഴയിലെ മറ്റ് പദ്ധതികളിൽ പ്രധാനപ്പെട്ടവയാണ്. കേരളത്തിന്റെ വിനോദ സഞ്ചാര ഭൂപടത്തിൽ ഈ അണക്കെട്ടുകൾക്ക് പ്രാധാന്യമുണ്ട്. കേരളത്തിന്റെ പൂന്തോട്ടം എന്നാണ് മലമ്പുഴ ഉദ്യാനം അറിയപ്പെടുന്നത്. ജലസേചനം, കുടിവെള്ളം, വ്യവസായം, വൈദ്യുതി എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കു വേണ്ടിയാണ് മലമ്പുഴ അണക്കെട്ടു നിർമിച്ചത്. 42000 ഹെക്ടറിലേറെ സ്ഥലത്തെ കൃഷിക്ക് മലമ്പുഴയിലെ വെള്ളം ഉപയോഗപ്പെടുന്നു. പാലക്കാടു നിന്നും 50 കി.മീറ്റർ അകലെ ആലത്തൂർ താലൂക്കിലെ മംഗലം ഡാം മംഗലം പുഴയുടെ ഉപനദിയായ ചെറുകുന്നപ്പുഴയിലാണ്. മാനുകൾ, ആനകൾ, വിവിധ തരം പക്ഷികൾ എന്നിവയും സസ്യ വൈവിധ്യവും കൊണ്ടു സമ്പന്നമാണ് ഇവിടുത്തെ വനപ്രദേശം. റബ്ബർ, കുരുമുളക്, മരച്ചീനി, കാപ്പി തുടങ്ങിയ വിവിധങ്ങളായ കൃഷികൾക്ക് മംഗലം ഡാമിലെ ജലമെത്തുന്നു. ഗായത്രീ നദിയിലാണ് മീനങ്കര ഡാം. പാലക്കാട് നഗരത്തിൽ നിന്ന് മുപ്പതു കിലോമീറ്ററോളം തെക്കു കിഴക്കുള്ള ഇവിടവും മനോഹരമായ ഒരു വിനോദ സഞ്ചാര കേന്ദ്രമാണ്. മീനങ്കര ഡാമിന്റെ വൃഷ്ടി പ്രദേശത്ത് ഒരു ശുദ്ധജല തടാകവുമുണ്ട്. പാലക്കാടു നിന്ന് 28 കി.മീറ്റർ അകലെയുള്ള ചുള്ളിയാർ ഡാം പശ്ചിമഘട്ട മലനിരകളുടെ ദൃശ്യസൗന്ദര്യം ആസ്വദിക്കാൻ അനുയോജ്യമായ സ്ഥലമാണ്. പ്രകൃതി സുന്ദരമായ നെല്ലിയാമ്പതിയിൽ നിന്ന് പതിനേഴ് കി.മീറ്ററോളം ദൂരത്താണ് പോത്തുണ്ടി ഡാം സ്ഥിതി ചെയ്യുന്നത്. 32 മീറ്ററിലധികം ഉയരവും 1680 മീറ്റർ നീളവുമുള്ള ഈ ഡാം സിമന്റ് മിശ്രിതം ഉപയോഗിക്കാതെ പണിത ഏഷ്യയിലെ തന്നെ ഏറ്റവും വലിയ


**ചിത്രം: വിൻസന്റ് പീറ്റർ**



**മലയാളിയുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക ജീവിതത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയ മറ്റ് നദികളും ജലാശയങ്ങളും പോലെ ഭാരതപ്പുഴയും ഇന്ന് നാശോന്മുഖമാണ്. മാലിന്യങ്ങൾ നിക്ഷേപിച്ചും നിയന്ത്രണമില്ലാതെ മണലൂറ്റിയും നമ്മുടെ നദികളെ നമ്മൾ നശിപ്പിച്ചു കൊണ്ടിരിക്കുന്നു.**

രണ്ടാമത്തെ ഡാമാണ്. നെൻമാറ വാളങ്കി വേല നടക്കുന്നത് ഇവിടെയാണ്. ഭാരതപ്പുഴയിലെ അണക്കെട്ടുകളിൽ ജലസമൃദ്ധി കൊണ്ട് രണ്ടാം സ്ഥാനത്തുള്ള വാളയാർ ഡാം ആ പ്രദേശത്തെ പ്രധാന ജലസേചന മാർഗം കൂടിയാണ്. കാഞ്ഞിരപ്പുഴ ഡാമിനു സമീപത്താണ് നിത്യഹരിത വനമായ വെട്ടിച്ചോല സ്ഥിതി ചെയ്യുന്നത്. മഞ്ഞു പെയ്യുന്ന ഡിസംബർ - ജനവരി മാസങ്ങളിൽ ഈ പ്രദേശം തരുന്ന കാഴ്ചകൾ നയന മനോഹരങ്ങളാണ്. തുപ്പനാട് പുഴയിലെ മിനി ജലവൈദ്യുത പദ്ധതിയായ മീൻ വല്ലവും ഒട്ടേറെ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നു.

കാർഷിക ഗ്രാമങ്ങളിലൂടെയാണ് ഭാരതപ്പുഴ അതിന്റെ കൂടുതൽ ദൂരവും പിന്നിടുന്നത്. എന്നാൽ, അതിനൊപ്പം നഗരങ്ങളും നഗര സമാനങ്ങളായ ജനവാസ കേന്ദ്രങ്ങളും താണ്ടിയാണ് ഭാരതപ്പുഴ അറബിക്കടലിൽ ചേരുന്നത്.

ഭാരതപ്പുഴയും അതിന്റെ കൈവഴികളും ഒഴുകുന്ന ജില്ലകളിൽ, കേരളത്തിലെ മറ്റു പല പ്രദേശങ്ങളുമായി തട്ടിച്ചു നോക്കിയാൽ, കൂടുതൽ വ്യവസായങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കുറ്റിപ്പുറത്തെ കേരള ഗവൺമെന്റ് ഡിറ്റർജന്റ് ഫാക്ടറിയടക്കം നിരവധി സ്ഥാപനങ്ങൾ നിളയുടെ സഞ്ചാരവഴിയോട് ചേർന്നുണ്ട്. ഇവിടെ ധാരാളമായി വളരുന്ന കാട്ടുമുളയും ചൂരലും പല തരം വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ നൽകുന്നു.

മലയാളിയുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക ജീവിതത്തിൽ ആഴത്തിൽ സ്വാധീനം ചെലുത്തിയ മറ്റ് നദികളും ജലാശയങ്ങളും പോലെ ഭാരതപ്പുഴയും ഇന്ന് നാശോന്മുഖമാണ്. മാലിന്യങ്ങൾ നിക്ഷേപിച്ചും നിയന്ത്രണമില്ലാതെ മണലൂറ്റിയും നമ്മുടെ നദികളെ നമ്മൾ നശിപ്പിച്ചു കൊണ്ടിരിക്കുന്നു. കേരളത്തിൽ മണലൂറ്റുകൊണ്ട് നാശത്തിലേക്കു നീങ്ങിയ നദികളിൽ ആദ്യം പറയേണ്ടത് ഭാരതപ്പുഴയുടെ പേരാണ്. പുഴയുടെ ജീവനായ മണൽ ഊറ്റിയെടുത്ത കുഴികളിൽ ആളുകൾ മുങ്ങിമരിക്കുക പോലും ചെയ്തു. മാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കിവിടുന്നത് പതിവായി. ചവറുകൾ നിക്ഷേപിക്കാനുള്ള സുരക്ഷിത താവളമായി നമ്മൾ പുഴകളെ കണ്ടു.

ഭാരതപ്പുഴയിലെ മണൽ ഒരു കാലത്ത് 'പട്ടാമ്പി മണൽ' എന്ന പേരിൽ പ്രസിദ്ധമായിരുന്നു. കേരളത്തിന്റെ വികാരമായ ഭാരതപ്പുഴയുടെ ശോഷണം നാടിന്റെ മനസ്സാക്ഷിയെ തൊട്ടു. മാലിന്യ നിക്ഷേപവും മണൽക്കൊള്ളയും അവസാനിപ്പിക്കണമെന്ന ആവശ്യമുയർന്നു.

നിലവിലെ അവസ്ഥയ്ക്കു മാറ്റം വരുത്തുന്നതിനുള്ള ശ്രമങ്ങൾ അടുത്ത കാലത്തായി സജീവമായിട്ടുണ്ട്. ഈ ദിശയിൽ ഭരണപരമായ നടപടികളും തുടങ്ങിക്കഴിഞ്ഞു. എന്നാൽ, മണൽ വാരി നശിപ്പിച്ച നദീതടങ്ങൾ പഴയ പടിയാവാൻ നീണ്ട കാലയളവു തന്നെ വേണ്ടി വരും. ഇനിയും ഏറെ ദൂരം മുന്നോട്ടു പോയാലേ കാര്യമായി എന്തെങ്കിലും ചെയ്തു എന്ന് പറയാനാവൂ.

ലക്ഷക്കണക്കിനു പേരുടെ കുടിവെള്ള സ്രോതസു കൂടിയാണ് ഭാരതപ്പുഴയും അതിന്റെ കൈവഴികളും. മൂന്ന് ജില്ലകളിലേക്ക് കുടിവെള്ളമെത്തിക്കുന്ന തൃത്താലയിലെ വെള്ളിയാംകല്ല് തടയണ ഇന്ന് മാലിന്യ കേന്ദ്രമാണ്. പട്ടാമ്പിയിലെ പുഴവെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യവും കണ്ടെത്തുകയുണ്ടായി. പട്ടാമ്പി അടക്കമുള്ള സ്ഥലങ്ങളിൽ, മതിയായ സൗകര്യങ്ങളില്ലാത്ത ഷട്ടർ മുറികളിൽ വരെ ഇ

തര സംസ്ഥാന തൊഴിലാളികളെ താമസിപ്പിച്ചിട്ടുണ്ട്. ഇവിടങ്ങളിലെ താമസക്കാർ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നത് നദിയോരത്താണെന്ന് പ്രദേശവാസികൾ പറയുന്നു. ഇതര സംസ്ഥാനക്കാരായ താൽക്കാലിക താമസക്കാർക്ക് ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയും മുൻകൈയും ഉണ്ടാവേണ്ടത് ആവശ്യമാണ്.

വൃഷ്ടി പ്രദേശങ്ങളിലെ തണ്ണീർതടങ്ങളുടെ നാശവും വന ശോഷണവും തെറ്റായ ഭൂവിനിയോഗവും കയ്യേറ്റങ്ങളും മലിനീകരണവും ഭാരതപ്പുഴയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു. നീരൊഴുക്കിന്റെ ശക്തി കുറഞ്ഞതോടെ കുറ്റിപ്പുറം വരെയുള്ള ഭാഗങ്ങളിൽ പുഴവെള്ളത്തിൽ ഉപ്പുരസം കലരുന്നതും സാധാരണമായിരിക്കുന്നു. മഴയില്ലാത്ത കാലം ഭാരതപ്പുഴ സന്ദർശിച്ചാൽ, മുറിവേറ്റ പുഴയെ കാണാം. മണലിന്റെ വെള്ളിനിറം മാഞ്ഞ് പുഴയുടെ മണൽപ്പരപ്പുകൾ മൺതിട്ടകളായി മാറിയിരിക്കുന്നു. അതിലെ കുഴികളിൽ ഒഴുക്കില്ലാത്ത വെള്ളം കെട്ടിക്കിടക്കുന്നു. വേനലിൽ അതും വറ്റുന്നു.

സർക്കാരിന്റെ 'ഹരിതകേരളം' പദ്ധതി ഭാരതപ്പുഴയ്ക്കും പുതുജീവൻ നൽകുമെന്ന് കരുതാം. ഭാരതപ്പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാർ കൈക്കൊള്ളാൻ പോകുന്ന നടപടികൾ മുഖ്യമന്ത്രി നിയമസഭയിൽ വിശദീകരിക്കുകയുണ്ടായി. ഭാരതപ്പുഴ മലിനമാകുന്നതു തടയാൻ കർശനനടപടി സ്വീകരിക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പ്രതീക്ഷ നൽകുന്നു.

വിദ്ഗ്ധരുടെ റിപ്പോർട്ടുകൾ തേടുമെന്നും നിളയുടെ സംരക്ഷണത്തിന് ആവശ്യമായ തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുമെന്നുമുള്ള മുഖ്യമന്ത്രിയുടെ ഉറപ്പനുസരിച്ച് സർക്കാർ വകുപ്പുകളും തദ്ദേശ ഭരണ സ്ഥാപനങ്ങളും ഉണർന്നു പ്രവർത്തിച്ചാൽ ഈ നദി അതിന്റെ നഷ്ടപ്രതാപത്തിലേക്ക് തിരിച്ചു വരും. ഭാരതപ്പുഴ മാലിന്യക്കൂമ്പാരമായി മാറുന്നതു കാണാൻ ഒരാളും ആഗ്രഹിക്കുകയില്ല. നിലവിലുള്ള വിവിധ ആക്ടുകളിൽ ഊന്നി ഭാരതപ്പുഴയുടെ സംരക്ഷണം കാര്യക്ഷമമാക്കുമെന്നാണ് മുഖ്യമന്ത്രി വ്യക്തമാക്കിയത്.

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ജലാശയങ്ങളിൽ മാലിന്യം തള്ളുന്നതു തടയാൻ ഇപ്പോൾ നിയമമുണ്ട്. അതു കർശനമായി നടപ്പിലാക്കണം. അതിനു പുറമേ, ഭാരതപ്പുഴയുടെയും (മറ്റു നദികളുടെയും) സംരക്ഷണത്തിനു വേണ്ടി ഒരു പുതിയ നിയമം കൊണ്ടു വന്നാൽ അതും അധികപ്പറ്റാവില്ല.

പുഴയുടെ മലിനീകരണവും നാശവും തടയുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡിനും പലതും ചെയ്യാനാവും.

ഭാരതപുഴയുടെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണൽ സ്വമേധയാ കേസെടുത്തത് സ്ഥിതി എത്രമാത്രം ഗൗരവമുള്ളതാണെന്ന് കാണിക്കുന്നു.

പുഴയുടെ മലിനീകരണം സംബന്ധിച്ച പഠനങ്ങൾക്കായി രൂപം നൽകിയ അഞ്ചംഗ വിദ്ഗ്ധസമിതിയുടെ കണ്ടെത്തലുകൾക്കും അതിൻമേലുള്ള സർക്കാർ നടപടികൾക്കും വേണ്ടി നിളാതീരത്തെ ജനങ്ങളും കേരളത്തിലെമ്പാടുമുള്ള പ്രകൃതിസ്നേഹികളും കാത്തിരിക്കുകയാണ്.



**ഭാരതപ്പുഴയിലെ മണൽ ഒരു കാലത്ത് 'പട്ടാമ്പി മണൽ' എന്ന പേരിൽ പ്രസിദ്ധമായിരുന്നു. കേരളത്തിന്റെ വികാരമായ ഭാരതപ്പുഴയുടെ ശോഷണം നാടിന്റെ മനസ്സാക്ഷിയെ തൊട്ടു. മാലിന്യ നിക്ഷേപവും മണൽക്കൊള്ളയും അവസാനിപ്പിക്കണമെന്ന ആവശ്യമുയർന്നു.**

## കാക്കാരിശ്ശി നാടകം

# കഥയും ദേശവും

ഡോ. ബി. ബാലചന്ദ്രൻ

'ജനസാമാന്യം ജനസാമാന്യത്തിനു വേണ്ടി ജനസാമാന്യത്തിന്റേതായ രീതിയിൽ രൂപപ്പെടുത്തി അവതരിപ്പിക്കുന്നവയാണ് നാടോടി നാടകങ്ങൾ'

കാക്കാരിശ്ശി നാടകം ഒരു നാടോടി കലാരൂപമാണ്. കീഴാള സമൂഹമാണ് കാക്കാരിശ്ശി നാടകത്തിന് ജന്മമേകിയത്. മലയാള സിനിമയിലെ ആദ്യ നായിക പി.കെ. റോസി, കാക്കാരിശ്ശി നാടക കലാകാരിയായിരിക്കവേയാണ് ജെ.സി. ഡാനിയേലിന്റെ സിനിമയിലെ നായികയാവുന്നത്. തിരുവിതാംകൂറിലെ പല പ്രദേശങ്ങളിലും കാക്കാരിശ്ശി നാടകക്കളരികളുണ്ടായിരുന്നു. പന്തളം, കരുനാഗപ്പള്ളി, വള്ളിക്കുന്നം, മാന്നാർ, മങ്കൊമ്പ്, ചിറയിൻകീഴ്, നെടുമങ്ങാട് എന്നീ ദേശങ്ങളിൽ ഈ നാടോടി നാടകം സജീവമായി നിലനിന്നിരുന്നു. നെടുമങ്ങാട് പ്രദേശത്ത് കാക്കാരിശ്ശി നാടകം പാരമ്പര്യമായി അവതരിപ്പിച്ചു വന്ന



ത് കുറവ സമുദായത്തിൽപെട്ട അയ്യപ്പനാശാന്റെ സംഘമായിരുന്നു. ഏകദേശം നൂറു വർഷത്തെ പാരമ്പര്യം ഈ കാക്കാരിശ്ശി നാടകത്തിനുണ്ട്. അയ്യപ്പനാശാന്റെ മരണശേഷം നഷ്ടപ്രഭമായ നെടുമങ്ങാട്ടെ കളരിക്ക് പുതുജീവൻ പകർന്നത് കൂടിയാട്ട കലാകാരനായിരുന്ന വേണുജിയാണ്. അദ്ദേഹം ഇരിഞ്ചയത്തെ ശ്രീധരനാശാന്റെ നേതൃത്വത്തിൽ ഒരു കാക്കാരിശ്ശി നാടകക്കളരിക്ക് രൂപം നൽകി. പിൽക്കാലത്ത് ശ്രീധരനാശാന് കാക്കാരിശ്ശി നാടകത്തിന്റ പേരിൽ കേരള ഫോക്‌ലോർ അക്കാദമിയുടെ അവാർഡ് ലഭിച്ചു.



സുന്ദരൻ കാക്കാൻ, കാക്കാത്തന്മാർ, പാട്ടുകാരൻ (സൂത്രധാരൻ) എന്നീ പ്രധാന കഥാപാത്രങ്ങളാണ് കാക്കാരിശ്ശി നാടകത്തിലുള്ളത്. ഹാർമോണിയം, ഗഞ്ചിറ, കൈമണി, മൃദംഗം, തബല എന്നീ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പാട്ടുകാരും നാടകത്തിന് പിന്നണിയിലുണ്ടാവും. സുന്ദരൻ കാക്കാൻ നല്ല മെയ്‌വഴക്കവും അഭിനയത്തികവുമുള്ളയാളായിരിക്കും. സംഗീതവും സാഹിത്യവും നൃത്തനൃത്യാഭിനയവും ഒത്തിണങ്ങിയ ഈ ദൃശ്യകലാരൂപം തിരുവിതാംകൂറിലെ ഉത്സവപ്പറമ്പുകളിൽ ഒരു പ്രധാന കലാവിരുന്നായിരുന്നു. നിലവിലുള്ള സമൂഹത്തിന്റെ നടപ്പു രീതികളെ പരിഹാസ രൂപേണ അലക്കി വെളുപ്പിക്കുന്ന രീതി കാക്കാരിശ്ശി നാടകത്തിന്റെ ഒരു പ്രത്യേകതയാണ്. പ്രധാന പാട്ടുകാരനാണ് നാടകത്തിന്റെ ഗതിയെ നിർണയിച്ചു പോകുന്നത്. പാട്ടുകാരന്റെ ഇടപെടലാണ് കാക്കാരിശ്ശി നാടകത്തെ ചടുലമാക്കിത്തീർത്തത്.

കാക്കാരശ്ശി നാടകത്തിന് ഒട്ടനവധി പാഠഭേദങ്ങളുണ്ട്. അവയിൽ പല പുരാണകഥകളിലെയും പ്രസക്ത ഭാഗങ്ങൾ പരാമർശിച്ചു കാണുന്നു. നളചരിതത്തിൽ നിന്നും രാമായണത്തിൽ നിന്നും മഹാഭാരതത്തിൽ നിന്നും തിരുവാതിര കളിപ്പാട്ടിൽ നിന്നുമൊക്കെ പദങ്ങൾ പാടി കളിക്കുന്ന രീതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പാഠങ്ങളിൽ കാക്കാല വംശത്തി



**തിരുവിതാംകൂറിലെ പല പ്രദേശങ്ങളിലും കാക്കാരിശ്ശി നാടകക്കളരികളുണ്ടായിരുന്നു. പന്തളം, കരുനാഗപ്പള്ളി, വള്ളിക്കുന്നം, മാന്നാർ, മങ്കൊമ്പ്, ചിറയിൻകീഴ്, നെടുമങ്ങാട് എന്നീ ദേശങ്ങളിൽ ഈ നാടോടി നാടകം സജീവമായി നിലനിന്നിരുന്നു.**

**നെടുമങ്ങാട് ദേശത്തുണ്ടായ രണ്ടു പ്രധാന നോവലുകളാണ് ചാവൊലിയും (പി.എ. ഉത്തമൻ, കേരള സാഹിത്യ അക്കാദമി അവാർഡ് – 2008) ഉടൽ ഭൗതികവും (വി. ഷിനിലാൽ, പ്രഥമ കാരൂർ സ്മാരക അവാർഡ്). ഈ രണ്ട് നോവലുകളുടെയും കഥാവഴികളിലെ പ്രധാന സാംസ്കാരിക നില പടുത്തുയർത്തിയിരിക്കുന്നത് കാക്കാരിശ്ശിയുടെ ഉൾത്തുടിപ്പുകളിൽ നിന്നാണ്.**



ന്റെ ഉത്പത്തി മഹത്വം പരാമർശിച്ചു കാണുന്നുണ്ട്.

കാക്കാരിശ്ശിയുടെ ഉത്പത്തികാലത്ത് പരിചിതമായ കലാരൂപങ്ങളെയെല്ലാം സ്വാംശീകരിച്ച് ചേർക്കാൻ അതത് നാട്ടുസമൂഹങ്ങൾ ശ്രദ്ധിച്ചിട്ടുള്ളതായി കാണുന്നു. അവയിലെല്ലാം പരിഹാസത്തിന്റെ ചേരുവ ഉണ്ടായിരിക്കും. ഒരു പ്രത്യേക താളത്തിലങ്ങനെ പോയി മുറുകിയിട്ട് അടുത്ത താളപ്പടിയിൽ ചാടിപ്പോകുന്നത് ഈ കളിയുടെ ചലനത്തിന് പ്രത്യേക ഭംഗി വരുത്തുന്നുണ്ട്. ചവിട്ടുനാടക രീതിയിൽ നിന്ന് കുമ്മിയിലേക്കും അതിലൂടെ 'കുറവൻ പാട്ടിന്റെ' മട്ടിലേക്കും കരണം മറിഞ്ഞു പോകുന്ന ചടുലത കാക്കാരിശ്ശി നാടകത്തിന്റെ തനതു രീതിയാണ്. കാക്കാന്റെയും കാക്കാത്തിമാരുടേയും ഇണക്കപിണക്കങ്ങളുടെ സഞ്ചാരത്തിനിടയിൽ തൊടുത്തുവിടുന്ന സാമൂഹിക വിഷയത്തിലൂന്നിയ പരിഹാസങ്ങളും ചോദ്യോത്തര രീതിയിലുള്ള സംഭാഷണവുമൊക്കെയാണ് കാക്കാരിശ്ശി നാടകത്തിന്റെ പൊതു രീതിശാസ്ത്രം. കാക്കാരിശ്ശി നാടകങ്ങൾക്ക് ഒരു പ്രത്യേക ബിന്ദുവിൽ തുടങ്ങി വികസിച്ചവസാനിക്കുന്ന ഒരു കഥാതന്തു ഇല്ല. ഒരു പാഠഭേദത്തിൽ പാമ്പു കടിച്ച് കാക്കാൻ മരിക്കുന്നതും കാക്കാത്തിമാരുടെ മരുന്നും മന്ത്രവും കൊണ്ട് കാക്കാനെ ജീവിപ്പിക്കുന്നതുമായ സംഭവമുണ്ട്. ലഭ്യമായ മറ്റ് പാഠങ്ങളിലൊക്കെ സരസമായി പാടിയും പറഞ്ഞും പിണങ്ങിയും അങ്ങനെയങ്ങനെ വലിയ പിരിമുറുക്കങ്ങളൊന്നുമില്ലാതെ തീരുന്ന ഒരു അയഞ്ഞ നാടൻ രീതിയാണുള്ളത്.




നെടുമങ്ങാട് ദേശത്തുണ്ടായ രണ്ടു പ്രധാന നോവലുകളാണ് ചാവൊലിയും (പി.എ. ഉത്തമൻ, കേരള സാഹിത്യ അക്കാദമി അവാർഡ് - 2008) ഉടൽ ഭൗതികവും (വി. ഷിനിലാൽ, പ്രഥമ കാരൂർ സ്മാരക അവാർഡ്). ഈ രണ്ട് നോവലുകളുടെയും കഥാവഴികളിലെ പ്രധാന സാംസ്കാരിക നില പടുത്തുയർത്തിയിരിക്കുന്നത് കാക്കാരിശ്ശിയുടെ ഉൾത്തുടിപ്പുകളിൽ നിന്നാണ്.

'തക്കുതിക്കുതക തിത്താം
തിത്തിതിങ്ങണാങ്കു തിമിതാം
കിടതകി തക്കം-തിക്കം -തോം
തിമിന്തക തോം
തിമിന്തക തികിതക
തിത്തി തത്തക തത്തത്താം
തിത്തീ തത്തക തിത്തത്താം'

ഈ ചടുല താളത്തിനൊടുവിൽ...

"അങ്ങളെടുത്തേമ്മെച്ച്, ഇക്കുരുന്നേള, ആട്ടം പെയക്കാതെ, നോട്ടം മൊടക്കാതെ, ചൊവട് കണ്ണ് കയ്യേള്, മെച്ചം ചൊല്ലി ആടട്ട് കാച്ചവ്ട്ട് പൂമിക്ക് പാരപ്പെടല്ല്. പെരുമ കൂട്ടണം. അങ്ങേ, ഈത്തുങ്ങക്ക് ഞാണ'...

ഇങ്ങനെയാണ് ചാവൊലിയിലെ 'മണ്ണിലാണ്ട മരങ്ങളായ് ' എന്ന ഒന്നാം അധ്യായം അവസാനിക്കുന്നത്. 'ഉടൽ ഭൗതിക'ത്തിലെ പ്രകൃതിയുടെ ആണിക്കല്ലിന്റെ ഉറപ്പുതറ കാക്കാരിശ്ശി നാടകത്തിന്റെ പുനരുജ്ജീവനത്തിലൂടെയാണ് പരുവപ്പെടുന്നത്. കേരള ഭാഷയിൽ പുതിയ കാലത്തുണ്ടായ രണ്ട് ഈടുറ്റ സാഹിത്യ കൃതികളുടെ ചൈതന്യമായി നിലകൊള്ളുന്നത് കാക്കാരിശ്ശി എന്ന നാടോടി നാടകമാണെന്നത് പ്രസ്തുത കലയുടെ സാംസ്കാരിക പ്രാധാന്യത്തിലേക്ക് വെളിച്ചം വീശുന്നു.

*ലേഖകന്റെ ഫോൺ നം: 9447791801*

# സ്വപ്നം പോലെ സുന്ദരം ഈ കക്കാടംപൊയിൽ...

ബോബി ജോസഫ്

**വസന്തകാലത്ത് വിവിധങ്ങളായ ഓർക്കിഡുകളും ചെടികളും പൂക്കളും പൂമ്പാറ്റകളും ഇവിടുത്തെ കാഴ്ചകൾക്ക് പുതിയ നിറവും ഭാവവും നൽകുന്നു. കക്കാടംപൊയിലിന്റെ ഓരോ ഇഞ്ചും ഏതെങ്കിലും വിധത്തിൽ സഞ്ചാരിയെ അമ്പരപ്പിക്കും.**

ചില പ്രദേശങ്ങൾ ഇങ്ങനെ വേറിട്ട് നിൽക്കും. മനസ്സിന്റെ ഭാരം വാങ്ങി വച്ച് സ്വസ്ഥതയും ശാന്തിയും സന്തോഷവും പകർന്ന് നമ്മെ മടക്കി അയയ്ക്കും. കോഴിക്കോട്, മലപ്പുറം ജില്ലകളുടെ അതിർത്തി പകിട്ട് നിൽക്കുന്ന കക്കാടംപൊയിൽ അങ്ങനെയുള്ള ഒരിടമാണ്. പുഴകളും കാടും വെള്ളച്ചാട്ടവും മലകളും മൊട്ടക്കുന്നുകളും മഞ്ഞും മഴയും കോടയും ചേർന്നൊരുക്കുന്ന അപൂർവ്വ വിരുന്നാണ് ഈ മലമ്പ്രദേശം സഞ്ചാരികൾക്ക് നൽകുന്നത്.

കോഴിക്കോട് നഗരത്തിൽ നിന്ന് കൂടരഞ്ഞി, കൂമ്പാറ വഴി 50. കി.മീറ്ററും നിലമ്പൂരിൽ നിന്ന് 30. കി.മീറ്ററും അകലെയാണ് കക്കാടം പൊയിൽ. താമരശ്ശേരിയിൽ നിന്ന് ഏകദേശം മുപ്പതു കി.മീറ്റർ സഞ്ചരിച്ചും ഇവിടെയെത്താം. കൂമ്പാറ മുതൽ കക്കാടംപൊയിൽ വരെയുള്ള എട്ടു കിലോമീറ്ററിൽ കൂടുതലും കുത്തനെയുള്ള കയറ്റമാണ്. മനോഹരങ്ങളായ 'ട' വളവുകൾ ഒരു മലമ്പാതയിലൂടെയുള്ള യാത്രയുടെ അനുഭവം നൽകുന്നു. റോഡിനിരുവശവും കൃഷിയിടങ്ങളാണ്. ചെറിയ തണുപ്പുള്ള കാറ്റും നമ്മെ സ്വീകരിച്ച് ആനയിക്കാനെത്തും. ചുരം താണ്ടി മുകളിലെത്തുമ്പോൾ തന്നെ മനം കുളിർക്കും.



ചിത്രം: വിൻസന്റ് പീറ്റർ

കോഴിപ്പാറ വെള്ളച്ചാട്ടമാണ് കക്കാടംപൊയിലിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്ന പ്രധാന കേന്ദ്രങ്ങളിലൊന്ന്. വനം വകുപ്പിന്റെ നിയന്ത്രണത്തിലാണ് ഈ വെള്ളച്ചാട്ടം. ചെറിയ തുക പ്രവേശന ഫീസ് നൽകണം. അപകട സാധ്യതയില്ല എന്നതാണ് കോഴിപ്പാറ വെള്ളച്ചാട്ടത്തിന്റെ സവിശേഷത. ആർക്കു വേണമെങ്കിലും ഇവിടത്തെ തടാകത്തിൽ ഇറങ്ങി കുളിക്കാം. നീന്തൽ അറിയണമെന്നു മാത്രം. രക്ഷാപ്രവർത്തകർ സന്നദ്ധരായി കൂടെയുണ്ടാവും. വനത്തോട് ചേർന്ന സ്ഥലമായതിനാൽ വനഭംഗിയും ആസ്വദിക്കാം. തണുത്ത ശുദ്ധജലത്തിലുള്ള കുളി ശരീരത്തിനും മനസ്സിനും ഉൻമേഷം തരും.

നിലമ്പൂർ റോഡിലുള്ള ‘ട’ വളവാണ് ആകർഷകമായ മറ്റൊരു കേന്ദ്രം. കക്കാടം പൊയിലിൽ നിന്ന് 5-6 കി.മീറ്റർ ചുരമിറങ്ങിയാൽ ഇവിടെയെത്താം. ഇവിടെ നിന്ന് നോക്കിയാൽ താഴെ ചാലിയാറിന്റെ കൈവഴിയായ ഹുറാമ്പുഴ ഒഴുകിപ്പോകുന്നതു കാണാം. ഇവിടെ നിന്നുള്ള നിബിഡ വനത്തിന്റെ കാഴ്ച അതി മനോഹരമാണ്. ഈ വനത്തിലെ പാറക്കെട്ടുകൾക്ക് ഇടയിലൂടെ ഒഴുകി വരുന്ന ചെറു നീർച്ചാലുകളാണ് ചാലിയാറിനെ ജലസമ്പന്നമാക്കുന്നത്. ചില വൈകുന്നേരങ്ങളിൽ കോടക്കാറുകൾ കക്കാടംപൊയിലിനെ മൂടും. നിബിഡ വനത്തെ മറച്ച് ഈ കാറുകൾ കാറ്റിനൊപ്പം സഞ്ചരിക്കും. തണുത്ത കാറ്റ് അപ്പോൾ സഞ്ചാരിയെ തഴുകിക്കൊണ്ടിരിക്കും.

കക്കാടംപൊയിലിലെ മഴക്കാലം തികച്ചും വ്യത്യസ്തമായ ഒരനുഭവമാണ്. ഇവിടത്തെ മഴക്കാഴ്ചകൾ ഒരിക്കൽ കണ്ടാൽ ഒരിക്കലും മറക്കാനാവില്ല.

നായാടംപൊയിലിലെ പഴശ്ശി ഗുഹയ്ക്ക് വലിയ ചരിത്ര പ്രാധാന്യമുണ്ട്. പകൽ സമയത്തും ടോർച്ചിന്റെ സഹായത്തോടെ മാത്രമേ ഈ ഗുഹയുടെ അകം കാണാനാവൂ. ഇവിടെയുണ്ടായിരുന്ന പുരാവസ്തു പ്രാധാന്യമുള്ള പല വസ്തുക്കളും സമീപകാലത്ത് മോഷണം പോയതായി പ്രദേശവാസികൾ പറയു

**ചില വൈകുന്നേരങ്ങളിൽ കോടക്കാറുകൾ കക്കാടംപൊയിലിനെ മൂടും. നിബിഡ വനത്തെ മറച്ച് ഈ കാറുകൾ കാറ്റിനൊപ്പം സഞ്ചരിക്കും. തണുത്ത കാറ്റ് അപ്പോൾ സഞ്ചാരിയെ തഴുകിക്കൊണ്ടിരിക്കും.**





**നായാടംപൊയിലിലെ പഴശ്ശി ഗുഹയ്ക്ക് വലിയ ചരിത്ര പ്രാധാന്യമുണ്ട്. പകൽ സമയത്തും ടോർച്ചിന്റെ സഹായത്തോടെ മാത്രമേ ഈ ഗുഹയുടെ അകം കാണാനാവൂ. ഇവിടെയുണ്ടായിരുന്ന പുരാവസ്തു പ്രാധാന്യമുള്ള പല വസ്തുക്കളും സമീപ കാലത്ത് മോഷണം പോയതായി പ്രദേശവാസികൾ പറയുന്നു. നായാടംപൊയിൽ ആദിവാസി കോളനിയോടു ചേർന്നാണ് ഈ ഗുഹ.**

ന്നു. നായാടംപൊയിൽ ആദിവാസി കോളനിയോടു ചേർന്നാണ് ഈ ഗുഹ.

താഴെ കക്കാടു നിന്ന് കരിമ്പ് റോഡിലൂടെ അൽപദൂരം പോയാൽ നാച്ചുറോ പാർക്കിലെത്താം. ഈ പ്രദേശത്തെ ആദ്യത്തെ പ്രധാന ടൂറിസം പ്രോജക്ടാണിത്. ഒരു കൂറ്റൻ പാറക്കെട്ടിന്റെ ചെങ്കുത്തായ വശത്താണ് പാർക്ക് ഒരുക്കിയിരിക്കുന്നത്. മറ്റു പാർക്കുകൾക്ക് അവകാശപ്പെടാൻ കഴിയാത്തതുപോലെ മനോഹരമാണ് ഇവിടെ നിന്നുള്ള ദൂരക്കാഴ്ച.

കക്കാടം പൊയിലിലെ പാറക്കെട്ടുകളും മൊട്ടക്കുന്നുകളും സഞ്ചാരിക്ക് മനോഹര ദൃശ്യങ്ങൾ സമ്മാനിക്കും. ചീങ്കണ്ണിപ്പാലി, വെണ്ടേക്ക് തുടങ്ങിയ പ്രദേശങ്ങൾ പ്രകൃതി സൗന്ദര്യം കൊണ്ട് ആരെയും അത്ഭുതപ്പെടുത്തും. മഴക്കാലത്തും മഞ്ഞുകാലത്തും വേനലിലും ഒരുപോലെ മനോഹരമാണ് ഇവിടം. വയനാടൻ മലനിരകളോടു ചേർന്ന് സഹ്യന്റെ മടിത്തട്ടിലാണ് ഈ മനോഹരമായ പ്രദേശം. ഇവിടത്തെ രാത്രിയാത്ര അത്ര സുഖകരമല്ല. രാത്രിയിൽ ആനയിറങ്ങാനുള്ള സാധ്യതയുണ്ട്.

അമ്പതോളം ചെറു റിസോർട്ടുകൾ ഈ പ്രദേശത്തുണ്ട്. നേരത്തേ ബുക്ക് ചെയ്തു വന്നാൽ താമസവും ഭക്ഷണവും ലഭിക്കും.

സസ്യ, ജന്തു ജാലങ്ങളുടെ വൈവിധ്യം കൊണ്ട് ശ്രദ്ധേയമാണ് ഈ പ്രദേശം. പല അപൂർവ സസ്യങ്ങളും അപൂർവ്വങ്ങളായ ചില തരം ഒച്ചുകളും ഇവിടെ കണ്ടെത്തിയിട്ടുണ്ട്. വസന്തകാലത്ത് വിവിധങ്ങളായ ഓർക്കിഡുകളും ചെടികളും പൂക്കളും പൂമ്പാറ്റകളും ഇവിടുത്തെ കാഴ്ചകൾക്ക് പുതിയ നിറവും ഭാവവും നൽകുന്നു. കക്കാടംപൊയിലിന്റെ ഓരോ ഇഞ്ചും എതെങ്കിലും വിധത്തിൽ സഞ്ചാരിയെ അമ്പരപ്പിക്കും.

മനുഷ്യന്റ തെറ്റായ ഇടപെടൽ കൊണ്ട് കാലാവസ്ഥയും പ്രകൃതിയും താളം തെറ്റുന്നതാണ് ഈ പ്രദേശം നേരിടുന്ന പ്രധാന വെല്ലുവിളി. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ, ഈ അപൂർവ്വ സുന്ദര കാഴ്ചകൾ ഇല്ലാതാവുമെന്ന് പ്രകൃതി സ്നേഹികൾ ആശങ്കപ്പെടുന്നു. പരിസ്ഥിതി ദുർബലമായ കക്കാടംപൊയിലിന്റെ പ്രകൃതി ഭംഗിക്കു കോട്ടം വരുത്തുന്ന നിർമാണ പ്രവർത്തനങ്ങൾ പാടില്ലെന്ന ആവശ്യം ശക്തമാവുകയാണ്.●

## മാതൃക

കണ്ണെത്താ ദൂരത്തോളം പരന്നു കിടക്കുന്ന പച്ച പുതച്ച വയലുകൾ...കതിരുകൾ കൊത്തിത്തിന്നാൻ പറന്നു നടക്കുന്ന തത്തകളും ചെറുകിളികളും.. അവയെ പാളയും തപ്പും കൊട്ടിപ്പായിക്കുന്ന കുട്ടികൾ.. ഇത് കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ പഞ്ചായത്തിലെ ആവള എന്ന ഗ്രാമത്തിലെ ആവളപ്പാണ്ടിയിൽ നിന്നുള്ള ഒരു കാഴ്ചയാണ്, - മുപ്പതു വർഷങ്ങൾക്കു മുമ്പുള്ള കാഴ്ച. അന്ന് ആവളയിലെ കുട്ടികൾ ഉണർന്നിരുന്നത് പാടത്തു നീന്നുയർന്ന തച്ചോളി ഒതേനന്റെയും, ആരോമൽ ചേകവരുടെയും, പൂമാത പൊന്നമ്മയുടെയും വീരഗാഥകൾ നിറഞ്ഞ ഞാട്ടിപ്പാട്ടുകൾ കേട്ടുകൊണ്ടായിരുന്നു. കോഴിക്കോട് ജില്ലയെ മൊത്തം ഊട്ടുവാൻ വേണ്ട നെല്ലത്രയും ഇവിടെ വിളഞ്ഞിരുന്നു.

ആഗോളീകരണത്തിന്റെ പ്രലോഭനങ്ങൾ പതുക്കെപ്പതുക്കെ ഇവിടെയുമെത്തി. ആളുകൾ പുതിയ മേച്ചിൽപ്പുറങ്ങൾ തേടിത്തുടങ്ങി. കാർഷിക മേഖല അവഗണനയിലേക്ക് പോയി. തങ്ങൾക്ക് അന്നവും ജീവിതവും തന്ന കൃഷിയെ കൈവിടാതെ ചിലരെങ്കിലും കൃഷിയിറക്കി. അവർക്ക് കാര്യങ്ങൾ എളുപ്പമായിരുന്നില്ല. കുറ്റ്യാടി ഇറിഗേഷൻ കനാലിൽ നിന്നുള്ള ചോർച്ചയിൽ പലപ്പോഴും വിളവുകൾ വെള്ളത്തിൽ മുങ്ങി നശിച്ചു. നടീലിനും കൊയ്ത്തിനും ആളെ കിട്ടാതായി. അതോടെ, ബാക്കിയുള്ളവരും കൃഷിയെ കയ്യൊഴിഞ്ഞു. അങ്ങനെ കോഴിക്കോടിന്റ നെല്ലറ എന്നറിയപ്പെട്ടിരുന്ന ആവളപാണ്ടി കൃഷിയെ മറന്നു. പായൽ നിറഞ്ഞ പാടങ്ങൾ നിറകതിരുകൾ സ്വപ്നം കണ്ട് ഉറങ്ങിക്കിടന്നു, മൂന്നു ദശാബ്ദത്തോളം.

കേരളത്തിന്റെ തൊഴിൽ-എക്സൈസ് വകുപ്പു മന്ത്രി ടി.പി.രാമകൃഷ്ണന്റെ മണ്ഡലമായ പേരാമ്പ്രയിൽ ഉൾപ്പെടുന്ന പ്രദേശമാണ് ആവള. മണ്ഡലത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ആവിഷ്കരിച്ച 'മിഷൻ പേരാമ്പ്ര' യുടെ



# എല്ലാരും പാടത്തേയ്ക്ക്

**വിശ്വൻ ഉന്തുമ്മൽ**

ഭാഗമായി ആവളപാണ്ടിയിൽ വിത്തിറക്കാൻ തീരുമാനിച്ചതോടെ മുപ്പതു വർഷത്തോളം തരിശ്ശായികിടന്ന 1200 ഏക്കറോളം വയലുകൾ പുനർജ്ജനിയ്ക്കായി ഒരുങ്ങി. ഇതിൽ 700 ഏക്കറോളം കൃഷിക്കായി തെരഞ്ഞെടുത്തു. മുട്ടൊപ്പം ആഴത്തിൽ പായലും കളകളും പ്ളാസ്റ്റിക് കുപ്പികളും നിറഞ്ഞ വയലുകളിൽ കൃഷിയിറക്കുന്നതെങ്ങനെയെന്ന് പലരും പരിഹാസത്തോടെ പരസ്പരം പറഞ്ഞു. സർക്കാർ ഒപ്പമല്ല, മുന്നിൽതന്നെയുണ്ടെന്ന വിശ്വാസത്തിൽ അയ്യായിരത്തോളം സന്നദ്ധ പ്രവർത്തകർ പാടത്തിറങ്ങി.

തൊഴിലുറപ്പു പദ്ധതിയിൽ തൊഴിലാളികളെ നൽകിക്കൊണ്ട് പേരാമ്പ്ര ബ്ളോക്കും കൂടെ നിന്നു. തന്റെ ആരോഗ്യ പ്രശ്നങ്ങൾക്കും ഔദ്യോഗിക തിരക്കുകൾക്കും ഇടയിലും മന്ത്രി ടി.പി.രാമകൃഷ്ണൻ പദ്ധതിയിൽ നിരന്തരം ഇടപെട്ടു കൊണ്ടിരുന്നു. പേരാമ്പ്ര ബ്ലോക്കിനെ ദേശീയ ശ്രദ്ധയിലെത്തിച്ച നിരവധി പദ്ധതികൾക്ക് രൂപം നൽകിയ മുൻ ബ്ലോക്ക് പ്രസിഡണ്ടും പേരാമ്പ്ര മണ്ഡലം വികസന മിഷൻ കൺവീനറുമായ എം.കുഞ്ഞമ്മത് മാസ്റ്റർ പദ്ധതിയ്ക്ക് ചുക്കാൻ പിടിച്ചു. പേരാമ്പ്ര ബ്ലോക്ക് പ്രസിഡണ്ട് എ.സി. സതി ബ്ലോക്കിനാൽ കഴിയുന്ന സഹായങ്ങൾ നൽകി. ചെറുവണ്ണൂർ പഞ്ചായത്ത് പ്രസിഡണ്ട് കെ.പി. ബിജു സന്നദ്ധ പ്രവർത്തകരെയും പാടശേഖര സമിതിക്കാരെയും കർഷകരെയും മുന്നിൽ നിന്ന് നയിച്ചു. മണ്ണൂത്തി കാർഷിക സർവ്വകലാ ശാലയിലെ ഡോ.ജയകുമാരൻ ആവശ്യമായ സാങ്കേതിക സഹായങ്ങൾ നൽകി. അദ്ദേഹം ലഭ്യമാക്കിയ യന്ത്രങ്ങളും പേരാമ്പ്ര ബ്ലോക്കിന്റെ കീഴിൽ ചെറുവണ്ണൂരിലുള്ള അഗ്രോ സർവ്വീസ് സെന്ററിലുള്ള യന്ത്രങ്ങളും നിലമൊരുക്കുന്നതിന് ഉപയോഗിച്ചു. അങ്ങനെ 700 ഏക്കറോളം ഭൂമി വിത്തിറക്കുന്നതിന് സജ്ജമായി. 2016 ഡിസംബറിൽ നടീൽ ഉത്സവം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. പായലുകളും പ്ളാസ്റ്റിക്കുകളും കയ്യടക്കിയിരുന്ന പാടങ്ങളിൽ ഞാറ്റുപാട്ടിന്റെ ഈണങ്ങൾ അലയടിച്ചു. പഴമക്കാരുടെ ഓർമ്മകളിൽ മാത്രം പച്ച പിടിച്ചിരുന്ന വയലേലകൾ വീണ്ടും ഹരിതാഭമായി.

നടീൽ കഴിഞ്ഞ് 110 ദിവസങ്ങൾ പിന്നിട്ടപ്പോൾ പച്ചപ്പ് സ്വർണ്ണ വർണ്ണത്തിന് വഴിമാറി. 101 മേനി വിളവ് നൽകി ആവളപാണ്ടി ഒരു നാടിനെ കുളിരണിയിച്ചു. തൊഴിലാളികളുടെ ഓരോ തുള്ളി വിയർപ്പിനും ഓരോ പൊൻമണി അവൾ പകരം നൽകി. കൊയ്ത്തുൽസവം കൃഷി വകുപ്പു മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. പേരാമ്പ്ര മണ്ഡലം വികസന മിഷൻ, ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്, കൃഷി വകുപ്പ്, ആത്മ കോഴിക്കോട്, മണ്ണൂത്തി കാർഷിക സർവ്വകലാശാല, അർപ്പണ ശേഷി കൈമുതലാക്കിയ ആയിരക്കണക്കിന് സന്നദ്ധ പ്രവർത്തകർ എന്നിവയുടെ പരിശ്രമത്തിലൂടെ ഒരു നാടിന്റ ചിരകാല സ്വപ്നങ്ങൾ സഫലമായി.

ഒരു ജനപക്ഷ സർക്കാരിന്റെ പുത്തൻ വികസന പരിപ്രേക്ഷ്യവും ഇച്ഛാശക്തിയുള്ള ഒരു ജനതയും ഒപ്പം നിന്ന് നയിക്കാൻ കരുത്തുറ്റ നേതൃത്വവും ഒത്തുചേർന്നപ്പോൾ അസാദ്ധ്യം എന്നു കരുതിയത് യാഥാർത്ഥ്യമായി.

ആവള പാണ്ടിയ്ക്ക് പഴയ തരിശു പാടത്തേയ്ക്ക് ഇനിയൊരു മടക്ക യാത്രയില്ല. ഓരോ കർഷകനും തന്റെ പാടത്ത് നിർബന്ധമായും കൃഷിയിറക്കണം. അല്ലാത്ത പക്ഷം കൃഷിയിറക്കുന്നതിനായി നിലം പാടശേഖര സമിതിയ്ക്ക് കൈമാറണം. ആവളപാണ്ടി തെളിച്ച വഴിയിലൂടെ ചെറുവണ്ണൂരിലെ തന്നെ കരുവാൻ ചിറയും കതിരണിയാൻ പോകുകയാണ്. തരിശു ഭൂമി കൃഷിക്കായി ഒരുങ്ങിക്കഴിഞ്ഞു.

ആവളപാണ്ടി ഒരു തുടക്കമാവട്ടെ, നടീൽ ഉദ്ഘാടനത്തിന് മുഖ്യമന്ത്രി പറഞ്ഞതു പോലെ, കേരളത്തിന്റെ ഭക്ഷ്യ സുരക്ഷയുടെ തുടക്കം.'നെല്ല് എന്റെ അന്നം, എല്ലാരും പാടത്തേയ്ക്ക്' എന്ന മുദ്രാവാക്യം കേരളം മുഴുവൻ മുഴങ്ങട്ടെ. അസാദ്ധ്യമായി ഒന്നുമില്ല- ആവളപാണ്ടി സാക്ഷി!●



# കാറൽ മാർക്സ് എന്ന യുവാവ്

**22 – ാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയിൽ ശ്രദ്ധേയമായ സിനിമ**

**പ്രശാന്ത് .സി**

ഇരുപത്തിരണ്ടാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയിൽ ഏറെ ജനപ്രീതി നേടിയ ചിത്രമാണ് ‘ദി യങ് കാറൽ മാർക്സ്’. ലോകത്തെ മാറ്റി മറിച്ച വിമോചന തത്ത്വശാസ്ത്രത്തിന്റെ രചനയിലേക്ക് മാർക്സിനെ നയിച്ച യൂറോപ്പിലെ രാഷ്ട്രീയ- സാമൂഹ്യ സാഹചര്യങ്ങളും അതിനായി അദ്ദേഹം അനുഭവിച്ച യാതനകളും സൂക്ഷ്മവും യഥാതഥവുമായി ചിത്രം ആവിഷ്കരിക്കുന്നു. വിഖ്യാത സംവിധായകൻ റൗൾ പെക്ക് ആണ് ചിത്രത്തിന്റെ സംവിധായകൻ.

ഇരുപത്തി ആറാമത്തെ വയസിൽ തന്റെ ഭാര്യ ജെന്നിയുമൊത്ത് അവധൂത യാത്ര ആരംഭിക്കുന്ന മാർക്സ് 1844-ൽ പാരീസിൽ വച്ച് ഫ്രെഡറിക് ഏംഗൽസിനെ കണ്ടുമുട്ടുന്നു. സമ്പന്ന കുടുംബാംഗമാണെങ്കിലും തൊഴിലാളി വർഗം അനുഭവിക്കുന്ന ചൂഷണങ്ങളെ എതിർക്കുന്ന പുരോഗമന ചിന്താഗതിക്കാരനാണ് ഏംഗൽസ്. ആദ്യ കൂടിക്കാഴ്ചയിൽ മാർക്സും ഏംഗൽസും രൂക്ഷമായ വാദപ്രതിവാദങ്ങളിലേർപ്പെടുന്നു. എന്നാൽ, തങ്ങളുടെ ആശയഗതികളുടെ സമാനത തിരിച്ചറിയുന്നതോടെ അവർ ഉറ്റ സുഹൃത്തുക്കളായി മാറുകയും ഒരുമിച്ച് പ്രവർത്തിക്കാൻ തീരുമാനിക്കുകയും ചെയ്യുന്നു. സെൻസർഷിപ്പിനും പോലീസ് റെയ്ഡിനും കലാപങ്ങൾക്കും ഉൾപ്പാർട്ടി പ്രശ്നങ്ങൾക്കും നടുവിൽ അവർ തൊഴിലാളി പ്രസ്ഥാനത്തിനും 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യ്ക്കും രൂപം നൽകുന്നു. നവോത്ഥാനത്തിനു ശേഷമുള്ള ഏറ്റവും വലിയ രാഷ്ട്രീയ-സൈദ്ധാന്തിക മുന്നേറ്റമായി ഇത് മാറുന്നു.

കാറൽ മാർക്സിന്റെ ജീവിതത്തിന് പ്രാധാന്യം നൽകുന്നതിനൊപ്പം ഭാര്യ ജെന്നിയോടും സുഹൃത്ത് ഏംഗൽസിനോടും അദ്ദേഹത്തിനുണ്ടായിരുന്ന ഗാഢബന്ധത്തെയും ചിത്രം ഹൃദ്യമായി വരച്ചിടുന്നു. വിരസമായിപ്പോകാമായിരുന്ന സൈദ്ധാന്തിക ചർച്ചകളെ ലളിതവും സരസവുമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഒന്നു പിഴച്ചിരുന്നെങ്കിൽ, ഡോക്യുമെന്ററിയായിപ്പോകാൻ സാധ്യതയുണ്ടായിരുന്ന പ്രമേയത്തെ തന്റെ കൃതഹസ്തമായ സംവിധാന ശൈലി കൊണ്ട് മികച്ച ചലച്ചിത്രാനുഭവമാക്കി മാറ്റാൻ റൗൾ പെക്കിന് കഴിഞ്ഞിരിക്കുന്നു. ഓഗസ്റ്റ് ഡീൽ, സ്റ്റെഫാൻ കൊ നാർസ്കെ, വിക്കി ക്രീപ്സ് തുടങ്ങിയവരാണ് കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്.

ബെർലിൻ, ബ്യൂണസ് അയേഴ്സ്, ഇസ്താൻബുൾ തുടങ്ങിയ രാജ്യാന്തര ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കുകയും പുരസ്കാരങ്ങൾ നേടുകയും ചെയ്ത ഈ ചിത്രം ചലച്ചിത്ര പ്രേമികളെ ഒട്ടും നിരാശപ്പെടുത്തില്ല.●